വോള്യം -7 ലക്കം -128 ജൂലായ് 2024 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

KSFDC

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY
Website : www.filca.in E-mail: filcakerala@gmail.com
PH:8089036090

FILCA FILM SOCIETY IN ASSOCIATION WITH KSFDC, CHALCHITHRA AKADEMI, LOTTERY DEPT. , JOINT COUNCIL - NANMA FS , BHARATH SEVAK SAMAJ , ISDG, BEAM FILM SOCIETY, AND OTHER FILM SOCIETIES.

95 MIN




AGUIRRE, THE WRATH OF GOD

10: 50 AM


160 MIN




FITZCARRALDO

2:20 PM


83 MIN




A LIFE ON OUR PLANET

5:40 PM

60 MIN




EXTINCTION : THE FACTS

7:10 PM

# FILCA -BLUE PLANET INT'L FILM FESTIVAL

All are welcomed
Entry free

**21 SUNDAY JULY 2024**

Inauguration @ 10 AM

Talk by



Padmasree SHAJI.N.KARUN
(Film Maker , Chairman KSFDC)



BINOY VISWAM
(Former Minister & Ex. M.P)

**Joint Council K.N.Raman Hall,
Near Press Club,
Trivandrum**

വോള്യം -7 ലക്കം -128 ജൂലൈ 2024 മലയാളം - ഇംഗ്ലീഷ്

ഫിലിം വിഷൻ

filca

Blue Planet Int'l Film Festival

Published by Filca Film Society

KSFDC

കേരള ഭാഗ്യക്കുറി

വിശ്വസ്തം സുതാര്യം ജനകീയം



ഫിലിം (വിഷൻ
filca
Blue Planet
Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE

JULY 2024

INDEX


1. (വാർത്ത) നമ്മുടെ ഭൂമി, നമ്മുടെ ഭാവി – സാം ആന്റണി (ഫിൽക്ക) 10



2. (പ്രതികരണം) എക്കോ ടെറാ എൺവിറോൺമെന്റൽ ഫിലിം ഫെസ്റ്റിവൽ – ജോൺ തോമസ് 16



3. പുതിയ ഫിലിം സൊസൈറ്റികൾക്ക് പ്രോത്സാഹനം –ഡോ. ബി.രാധാകൃഷ്ണൻ ( പ്രസിഡൻറ്, ഫിൽക്ക ഫിലിം സൊസൈറ്റി 20




4. ലോകകലയിൽ ഇടംപിടിക്കുന്ന നീലഗ്രഹ ചിന്തകൾ –സാബു ശങ്കർ (ജനറൽ സെക്രട്ടറി, ഫിൽക്ക ) 22



5. വേർണർ ഹെർസോഗ് –ഭ്രമാത്മകതയുടെ കൂട്ടുകാരൻ –സുരേഷ്കുമാർ . സി.(ബീം ഫിലിം സൊസൈറ്റി) 24



6. ഡേവിഡ് ആറ്റൻബറോ – ഷീബ. എസ്. ജെയിംസ്. 26



7. അഗ്വിറെ, ദി റാത്ത് ഓഫ് ഗോഡ് – വിനോദ്കുമാർ. പി ( ഫിൽക്ക ഫിലിം സൊസൈറ്റി) 30



8. അഗ്വിറെ: ക്രോധത്തിന്റെ ഉറവിടങ്ങൾ – ആശ നായർ 32



9. ഫിറ്റ്സ്കറാൽഡൊ – അധിനിവേശത്തിൽ തകരുന്ന ഭൂമി – പി.എസ് ജ്യോതിഷ് കുമാർ. 33



11. ഫിറ്റ്സ്കറാൽഡൊ: ആധിപത്യവിഭ്രമങ്ങൾ – ജസീന്ത മോറീസ് 35



10. നീലഗ്രഹത്തിലെ ജീവിതം തുടരണമെങ്കിൽ... – ജിജോ ജേക്കബ് 37



12. ആറാം വംശനാശത്തെ കുറിച്ച് ഡേവിഡ് ആറ്റൻബറോ – ഡോ. പി. അജികുമാർ 38




Website:www.filca.in
Email:filcakerala@gmail.com

ഫിലിം filca വിഷൻ

Blue Planet Int'l Film Festival
Published by Filca Film Society

KSFDC

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

# Blue Planet Int'l Film Festival

filca FILM LOVERS CULTURAL ASSOCIATION

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

**PROGRAM** **INAUGURATION:**

**JOINT COUNCIL KN RAMAN HALL.**
**10 AM, 21 SUNDAY JULY 2024**

Filca

10 AM

Inauguration of Joint Council - Nanma Film Society:



**BINOY VISWAM**
(Former Minister & Ex. M.P )

Talk by :



**PADMASREE SHAJI.N.KARUN**
(Film Maker ,Chairman - KSFDC).

Presided over:



**JAYACHANDRAN KALLINKAL**
(State General Secretary, Joint Council )

Felicitation:



**Dr.B. RADHAKRISHNAN**
**(President Filca film society)**

About Blue Planet Int'l Film Festival :



**SABU SANKAR**
( Novelist , Documentary Film Director , Chief Correspondent to Nerkazhcha weekly , USA and Regional Correspondent to Samiksha Magazine, Canada)

Gratitude:



**ARPANAA**
( Girija Surendran - Actress and Vice President, Filca film society)

FREE ENTRY
ALL ARE WELCOMED.

FILCA FILM SOCIETY
TRIVANDRUM

21
SUNDAY
JULY,
2024.

# FILCA BLUE PLANET Int'l Film Festival 2024

## SCREENING SCHEDULE

Joint Council KN Raman Hall,
Near Press Club ,Trivandrum.

| | |
|---|---|
| 10 AM : | INAUGURATION |
| 10: 50 PM - 12:25 PM | AGUIRRE, THE WRATH OF GOD<br>95 MIN/ 1972 /<br>DIR- WERNER HERZOG |
| LUNCH BREAK | |
| 2:20 PM - 5:20 PM | FITZCARRALDO<br>160 MIN /1982/<br>DIR - WERNER HERZOG |
| TEA BREAK | |
| 5 :40 PM - 7:05 PM | A LIFE ON OUR PLANET<br>83 MIN/ 2023 /<br>NARR- DAVID ATTENBOROUGH |
| 7: 10 PM - 8:10 PM | EXTINCTION : THE FACTS<br>60 MIN/ 2020 /<br>NARR- DAVID ATTENBOROUGH |





FILCA

FILCA film society,
Trivandrum

filcakerala@gmail.com

PH: 80890 36090

ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം





ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society





ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



വാർത്ത

# നമ്മുടെ ഭൂമി, നമ്മുടെ ഭാവി



സാം ആന്റണി

**(ജൂലൈ മാസത്തെ എക്കോ ടെറാ പരിസ്ഥിതി ചലച്ചിത്രമേളയെ കുറിച്ചുള്ള വാർത്ത)**

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ യും ഭാരത് സേവക് സമാജ് ചലച്ചിത്ര മണ്ഡലത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ഇക്കൊ റ്റെറ എൻവയോൺമെന്റൽ ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ജൂൺ ഇരുപത്തി മൂന്നാം തീയതി തിരുവനന്തപുരം ഭാരത് സേവ ക് സമാജ് സദ് ഭാവന ഭവൻ, കവടിയാർ ഹാളി ൽ വച്ച് നടന്നു . ഫിലിം മേക്കർ - കെ.എസ്. എഫ്.ഡി.സി. ചെയർമാൻ - ഷാജി . എൻ. കരുൺ ഉദ്ഘാടനം നിർവഹിച്ചു.

ചടങ്ങിൽ നോവലിസ്റ്റും ചലച്ചിത്ര ഗ്രന്ഥകാരനു മായ സാബു ശങ്കർ,ഫിൽക്ക പ്രസിഡണ്ട് ഡോ. ബി. രാധാകൃഷ്ണൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡോ .സഞ്ജയൻ കുമാർ ഐ.എഫ്.എസ്, ബി. എസ്.എസ് നാഷണൽ ചെയർമാൻ ബി. എസ് ബാലചന്ദ്രൻ, ഡോ. ജെ. ബി. രാജൻ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവിയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ്), അനിൽകുമാർ പി. വൈ ( ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈ നബിൾ ഡെവലപ്മെന്റ് ആൻഡ് ഗവേണൻസ് ) , ജയ ശ്രീകുമാർ, ഡയറക്ടർ ജനറൽ, ബി. എസ്. എസ്, ഫിൽക്ക വൈസ് പ്രസിഡന്റ് അർപ്പണ തുടങ്ങിയവർ പ്രസംഗിച്ചു.

പരിസ്ഥിതി സംരക്ഷണ സംബന്ധികളായ മൂന്ന് ഫീച്ചർ ഫിലിമുകൾ, അഞ്ചു ഡോക്കുമെന്ട്രി കൾ, മൂന്ന് ഡോക്യുഫിക്ഷനുകൾ പ്രദർശിപ്പിച്ചു. ഐ.എഫ്.എഫ്.റ്റി, ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി, ബീം ഫിലിം സൊസൈറ്റി, കേരള ലോട്ടറി ഡിപ്പാർട്ട്മെൻറ്, എന്റെ ബി.എസ്.എസ് എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫെസ്റ്റിവൽ. നാം ശ്വസിച്ചു പുറത്തേക്ക് വിടുന്ന കാർബൺ ഡയോക്സൈഡ് നമുക്ക് തിരികെ ഓക്സിജൻ





തരുന്ന വൃക്ഷങ്ങളും ചെടികളും അടങ്ങുന്ന പ്രകൃതി നമുക്ക് എത്ര വലിയ അനുഗ്രഹമാണെന്ന് തിരിച്ചറിയണം. അതൊന്നും കണക്കാക്കാതെ നമ്മൾ പ്രകൃതിയെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഭാവിയിൽ വായു വില കൊടുത്തു വാങ്ങേണ്ട സ്ഥിതിവിശേഷം വന്നേക്കാം. വാസ്തവത്തിൽ ചില രാജ്യങ്ങളിൽ ഒക്കെ ആ അവസ്ഥ വന്നു കഴിഞ്ഞു എന്നുള്ളതാണ് സത്യം - ഷാജി. എൻ. കരുൺ .
ഇന്ന് ലോകസിനിമയും സാഹിത്യവും ചിത്രകലയും ഒക്കെ പരിസ്ഥിതി സംരക്ഷണം എന്ന പ്രാധാന്യമേറിയ വിഷയത്തിലേക്ക് ഗൗരവതരമായി കടന്നുവന്നു കൊണ്ടിരിക്കുകയാണ്. എന്താണ് പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യമെന്നും എങ്ങനെയാണ് അത് നടപ്പാക്കേണ്ടത് എന്നും ആവിഷ്കരിക്കേണ്ടതെന്നുമുള്ള സിനിമകളും ഡോക്യുമെന്ട്രികളും ഡോക്യു ഫിക്ഷനുകളും ഉൾക്കൊള്ളിച്ചു എൻവയോൺമെന്റൽ ഫിലിം ഫെസ്റ്റിവൽ കേരളം ഒട്ടാകെ നടക്കുകയാണ്. അതിനു വേണ്ടുന്ന സിനിമകളും ഡോക്യുമെന്ററികളുമെല്ലാം ഫിലിം സൊസൈറ്റി കളുടെ ഫോറമാണ് ഒരുക്കുന്നത്. ജൂൺ 5 ന് തേക്കടി യിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പരിസ്ഥിതി ചലച്ചിത്രമേള ഓരോ ജില്ലയിലും നടത്തപ്പെടുന്നതായിരിക്കും - സാബു ശങ്കർ പറഞ്ഞു.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡോ . സഞ്ജയൻ കുമാർ ഐ.എഫ്.എസ് : വന സമ്പത്ത് എന്ന് പറയുന്നത് മനുഷ്യർക്ക് എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ട ഒരു പൊതു സമ്പത്താണ് . എന്നാൽ ചരിത്രം പരിശോധിച്ചാൽ 1950 കൾക്കു മുൻപ് മനുഷ്യൻ തന്റെ സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടിയും സാമ്പത്തിക ലാഭത്തിനു വേണ്ടിയും വൻതോതിൽ വനങ്ങൾ നശിപ്പിച്ചിരുന്നു എന്ന് മനസ്സിലാക്കാം. 1950 മുതൽ 80 കൾ വരെ തേയില , റബ്ബർ , കടലാസ് എന്നിവ ഉണ്ടാക്കാനാവശ്യമായിട്ടുള്ള വ്യാവസായിക കൃഷി വ്യാപകമായി. 80 മുതൽ 90 വരെയുള്ള കാലഘട്ടത്തിൽ പരിസ്ഥിതി നശീകരണ ത്തിനെതിരായി ലോകത്ത് ശക്തമായ പ്രക്ഷോഭങ്ങൾ നടന്നു. കേരളത്തിൽ സൈലന്റ് വാലി മൂവ്മെന്റ് ഒക്കെ ആ കാലഘട്ടത്തിലാണ് നടന്നത്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഇത്തരം വൻതോതിൽ ഉള്ള വന



നശീകരണത്തിന് എതിരായി സംസാരിക്കുവാൻ അധികം പേർ കടന്നു വരാനുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ലോകം ദുരിതവാഹിനി യായ ഗ്ലോബൽ വാമിംഗ് എന്ന പ്രതിഭാസത്തിന് ഇരയായി.

നമുക്കറിയാം ഏറ്റവും കൂടിയ ചൂട് രേഖപ്പെടുത്തിയ കാലഘട്ടത്തിൽ തന്നെയാണ് ഏറ്റവും കൂടുതൽ മഴ പെയ്തതും പ്രളയം ഉണ്ടായതും. വളരെ പ്രവചനാതീതവും അസന്തുലിതവുമായ കാലാവസ്ഥയാണ് ഇന്ന് ലോകമൊട്ടാകെയുള്ളത്. ഇന്ന് മഴ പെയ്യുന്ന ദിവസങ്ങളുടെ എണ്ണം കുറയുകയും പെയ്യുന്ന മഴയുടെ തീവ്രതയും ഘനവും വളരെയധികം കൂടുകയും ചെയ്തിട്ടുണ്ട്. വൻതോതിൽ ഉള്ള വനനശീകരണവും

ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





നഗരവൽക്കരണവും കൊണ്ട് വൻതോതിൽ പെയ്യുന്ന മഴവെള്ളത്തെ ഉൾക്കൊള്ളാനുള്ള സ്ഥലമോ, അവസ്ഥയോ പ്രകൃതിക്കില്ല. അതു കൊണ്ടുതന്നെ വെള്ളപ്പൊക്കങ്ങൾ തുടർക്കഥ യാകുന്നു.

സത്യാവസ്ഥ ഇങ്ങനെയായിരിക്കെ മിച്ചമുള്ള കാടുകൾ കൂടെ വെട്ടി നശിപ്പിക്കണമെന്നും മൃഗങ്ങളെ കൊന്നൊടുക്കണമെന്നും സ്വാർത്ഥ താല്പര്യത്തോടെ ചിലർ വാദിക്കുന്നുണ്ട്. കാടുകളിൽ നിന്ന് നാടുകളിലേക്ക് ഇറങ്ങി കൃഷി നശിപ്പിക്കുകയും ചെയ്യുന്ന മൃഗങ്ങളെ ചൂണ്ടിക്കാട്ടിയാണ് അവർ ഇത് പറയുന്നത്. എന്നാൽ വനസമ്പത്തിന്റെ ചൂഷണത്തെ പ്പറ്റിയോ വനങ്ങളിലേക്കുള്ള മനുഷ്യന്റെ കടന്നു കയറ്റത്തെപ്പറ്റിയോ സംസാരിക്കാൻ അവർ തയ്യാറാകുന്നുമില്ല. ഈ അറിവാണ് സമൂഹത്തിന് , പ്രത്യേകിച്ച് വനങ്ങളോട് ചേർന്ന് ഉള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക്,ശരിയായ ബോധവൽക്കരണം നടത്തണമെന്നുള്ള ചിന്ത ഉദിപ്പിച്ചത്.

പ്രകൃതി സംരക്ഷണ സംബന്ധിയായ ഡോക്യു മെന്ററികൾക്കും സിനിമകൾക്കും മനുഷ്യ മനസ്സുകളെ വളരെ വലിയ രീതിയിൽ സ്വാധീനി ക്കാൻ കഴിയുമെന്ന് ചിന്ത ചർച്ചകളിലേക്ക് നയിച്ച സമയ ത്താണ് ഷാജി സാറിന്റെ നേതൃത്വത്തിൽ ഫിലിം സൊസൈറ്റി മൂവ്മെന്റ് പ്രകൃതി സംരക്ഷണം സംബന്ധമായ സിനിമ കളുടെ ഫെസ്റ്റിവലുകളുടെ നടത്തിപ്പുമായി വനം വകുപ്പിനെ സമീപിക്കുന്നത്.

ഇത്തരം സിനിമകളെ കുറിച്ച് സംസാരി ക്കുമ്പോൾ , മൃഗങ്ങളെയും പ്രകൃതിയെ യും ഒക്കെ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്ന എന്തെങ്കിലും ഒക്കെ ഘടകങ്ങൾ അതിൽ വേണമെന്ന് തന്നെയാണ് ആഗ്രഹിക്കുന്നത്. പ്രകൃതി സമ്പത്ത് എന്ന് പറയുന്നത് നമുക്ക് പൂർവികരിൽ നിന്ന് കിട്ടിയ സ്വത്തല്ല .



മറിച്ച് ഇനി വരുന്ന തലമുറകളിൽ നിന്ന് നമ്മൾ കടമെടുത്ത സമ്പത്താണ്. അവരുടെ ഉപയോഗത്തിനായി അത് തിരിച്ചു കൊടുക്കേണ്ട ബാധ്യതയും നമുക്കുണ്ട്. ഇവിടെ വനസമ്പത്ത് മാത്രമല്ല നമ്മുടെ പുഴകളും കണ്ടൽക്കാടുകളും തോടുകളും നാടുകളിലുള്ള വൃക്ഷസമ്പത്തും ഒക്കെത്തന്നെ സംരക്ഷിച്ചാൽ മാത്രമേ മനുഷ്യരാശി ഇവിടെ നിലനിൽക്കുകയുള്ളൂ.
ഇവിടെ പ്രദർശിപ്പിക്കപ്പെടുന്ന സിനിമ കളും ഡോക്യുമെന്റുകളും കാണുന്ന ഓരോരുത്തരെയും അവ സ്വാധീനിക്കട്ടെ എന്നും



പ്രകൃതി സംരക്ഷണത്തിനായും മനുഷ്യന്റെ പൊതുവായ നന്മക്കായും ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ അവയൊക്കെ ഏവരെയും പ്രേരിപ്പിക്കട്ടെയെന്ന് ആശിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ബി.എസ്. എസ് നാഷണൽ പ്രസിഡന്റ് ബി. എസ്. ബാലചന്ദ്രൻ പ്രകൃതി സംരക്ഷണ ചലച്ചി ത്രോത്സവത്തിന് ആശംസകൾ അറി യിക്കുകയും പൊതുജനത്തിന്റെ പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്നു സംസാ രിച്ച അനിൽകുമാർ .പി. വൈ : സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് , തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ ഡെവലപ്മെന്റ് ആൻഡ് ഗവേണെൻസ്സിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു പരിസ്ഥിതി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുക യും വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്തു . ഫിൽക്ക ഫിലിം സൊസൈറ്റിയോട് ചേർന്ന് പ്ര



വർത്തിക്കാൻ സാധിച്ചതും ഇവിടെ വച്ച് ഈ അവാർഡുകൾ വിതരണം ചെയ്യാൻ സാധിച്ചതും ഞങ്ങൾക്കുള്ള അംഗീകാരമായി കണക്കാക്കുന്നു.

തുടർന്ന്, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യപ്പെട്ടു. ബി.എസ്.എസ് നാഷണൽ ഡയറക്ടർ ബി. എസ്. ബാലചന്ദ്രൻ, ഷാജി എൻ. കരുൺ, ഡോ .സഞ്ജയൻ കുമാർ ഐ.എഫ്.എസ് എന്നിവർ സമ്മാനദാനം നിർവഹിച്ചു. അവാർഡിന് അർഹരായവരുമായി ചേർന്നുള്ള ഫോട്ടോസെഷനും നടന്നു. ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള അജേഷ് സി. പി. സംവിധാനം ചെയ്ത, ഫോറസ്ററ് എന്ന ഷോർട്ട് ഫിലിമിനാണ് ഒന്നാം സമ്മാനം ലഭിച്ചത്. രണ്ടാം സമ്മാനം ലഭിച്ചത് എറണാകുളം സ്വദേശിയായ അഖിലേഷ് അശോകനാണ്. അഖിലേഷ് സംവിധാനം ചെയ്ത അൺകോട്ടഡ് എന്ന സിനിമയാണ് അദ്ദേഹത്തിനെ രണ്ടാം സമ്മാനത്തിന് അർഹനാക്കിയത്. ഗവൺമെന്റ് വിമൻസ് കോളേജ് ഫിലോസഫി വിഭാഗം വിദ്യാർഥിനികൾക്കാണ് മൂന്നാം സമ്മാനം ലഭിച്ചത്. ആദിത്യ സംവിധാനം ചെയ്ത, ഡെഡ് സോൺ എന്ന ഹ്യസ്വചിത്രത്തിനാണ് സമ്മാനം ലഭിച്ചത്. മറ്റൊരു ഹൃസ്വചിത്രമായ ഹോപ്പിന്റെ സംവിധായകൻ വിമൽരാജിനും മൂന്നാം സമ്മാനം ലഭിച്ചു. ചടങ്ങിൽ സംസാരിച്ച ജെ. ബി. രാജൻ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവിയോൺമെന്റ് ആൻഡ്

ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി





ഡെവലപ്മെന്റ്), പരിസ്ഥിതിയുമായി ബന്ധപ്പെട്ട് മുന്നോട്ടു വയ്ക്കുന്ന മുദ്രാവാക്യം - അവർ എർത്ത് അവർ ഫ്യൂച്ചർ (Our Earth Our Future) അഥവാ നമ്മുടെ ഭൂമി നമ്മുടെ ഭാവി എന്നതാണ് എന്ന് പറഞ്ഞു. നമ്മുടെ വാസഗ്രഹമായ ഭൂമിയില്ലാതെ നമുക്കൊരു ഭാവി മുന്നോട്ടില്ല എന്ന സന്ദേശമാണ് ഇതിലൂടെ മുന്നോട്ടു വെക്കുന്നത്. ഒപ്പം തന്നെ മരുവൽക്കരണം എങ്ങനെ ചെറുക്കാൻ കുറയ്ക്കാം എന്നുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യാനും പ്രത്യേകം വിഭാവനം ചെയ്യുന്നുമുണ്ട്. 2015 മുതൽ 2030 വരെയുള്ള കാലഘട്ടത്തിൽ 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുന്നോട്ടു വച്ചു കൊണ്ടാണ് ഐക്യരാഷ്ട്രസഭ പല പരിപാടികളും ആസൂത്രണം ചെയ്തിരിക്കുന്നത്. അതിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 13, 14, 15 എന്നിവ ഏറെ പ്രധാനപ്പെട്ടതാണ്. കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി, വനവൽക്കരണം .

അതുപോലെതന്നെ കടൽ മേഖലയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ചെറുക്കുവാനുള്ള കർമ്മപരിപാടികളുടെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള ഒരു പരിപാടി ആലോചിച്ചത്. സിനിമകളിലൂടെ പാരിസ്ഥിതിക പരിപാലന പദ്ധതികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിന് വേണ്ടി കൂടിയാണ് ഇതുപോലെയൊരു മത്സരപരിപാടി സംഘടിപ്പിച്ചത്. അതിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

ചടങ്ങിൽ സംസാരിച്ച ക്ലിനിക്കൽസൈക്കോളജിസ്റ്റ് ഡോ. സി. കെ. അനിൽകുമാർ സമൂഹത്തിൽ നടക്കുന്ന കീഴ്പ്പെടുത്തലുകളെ പറ്റി സംസാരിച്ചു. പതിനേഴാം നൂറ്റാണ്ടിൽ മനുഷ്യൻ തന്റെ കായിക ബലം കൊണ്ട് മറ്റുള്ളവരെ കീഴ്പ്പെടുത്തിരുന്നുവെങ്കിൽ, ഇരുപതാം നൂറ്റാണ്ടിൽ അത് സാമ്പത്തിക ബലം കൊണ്ടായിരുന്നു. തന്റെ ബുദ്ധികൊണ്ട് ചൂഷണം ചെയ്യുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. അറിഞ്ഞോ അറിയാതെയോ മനുഷ്യൻ സമൂഹത്തിൽ വെറുപ്പുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് സ്നേഹത്തിലൂടെയും കഥകളിലൂടെയും മാത്രമേ മനുഷ്യനെ ഐക്യപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് സംസാരിച്ച ഫിൽക്ക പ്രസിഡന്റ് ഡോ. ബി. രാധാകൃഷ്ണൻ എക്കോ റെറ്റാ എൻവയോൺമെന്റ് ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ജൂൺ അഞ്ചാം തീയതി തേക്കടിയിൽ വച്ച് നടന്നതിനെ കുറിച്ചും തുടർന്നുള്ള മൂന്നു ദിവസങ്ങളിലായി നടന്ന ഫിലിം ഫെസ്റ്റിവലിനെ കുറിച്ചും സംസാരിച്ചു.

ബി.എസ്.എസ് ഡയറക്ടർ ജയ ശ്രീകുമാർ പരിസ്ഥിതി സംരക്ഷണം മാസാചരണത്തെക്കുറിച്ചും മറ്റു പ്രകൃതി സംരക്ഷണ സമിതികളുമായി ചേർന്നുള്ള ബി എസ് എസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു. സമൂഹത്തിന് പ്രയോജനകരമായ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച് ബി.എസ്എസ് പ്രവർത്തിക്കും എന്നും അറിയിച്ചു.

അഭിനേത്രിയും ഫിൽക്ക വൈസ് പ്രസിഡൻറുമായ ഗിരിജ സുരേന്ദ്രൻ (അർപ്പണ ) ഉദ്ഘാടകനും മറ്റ് അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു .







ഫിലിം വിഷൻ
filca
Blue Planet
Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



പ്രതികരണം

# ഇക്കൊ - ടെറാ - എൻവയൺമെന്റൽ ഫിലിം ഫെസ്റ്റിവൽ




ജോൺ തോമസ്


സമൂഹത്തിന് നേരെ പിടിച്ച കണ്ണാടിയാണ് ഡോക്യുമെൻററി സിനിമകൾ എന്നു പറയാറുണ്ട്. സിനിമ പ്രക്ഷോഭ കനും സംഘാടകനും പ്രശ്നപരിഹാരകനും ആത്മീയമായും വൈകാരികമായും നമ്മെ ഉണർത്തുന്നവനും ഒക്കെയായി മാറുന്നതാണ് ഡോക്യുമെന്ററി ചിത്രങ്ങളിലും ഹൃസ്വ-ചിത്രങ്ങളിലും നാം കാണുന്നത്.

ആനന്ദ് പട് വർധൻ, ദീപ ധൻരാജ് തുടങ്ങി നിരവധി ഇന്ത്യൻ സംവിധായകരെ തന്നെ നമുക്ക് ഉദാഹരണമായി ചൂണ്ടിക്കാട്ടാം. മാനവരാശി ഇന്ന് അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രമേയങ്ങളായി വരുന്ന ഡോക്യുമെന്ററി, ഫീച്ചർ ഫിലിമുകൾക്ക് വളരെ വലിയ ഒരു സാമൂഹിക ധർമ്മമാണ് ഇന്നത്തെ കാലത്ത് നിർവഹിക്കാൻ കഴിയുന്നത്.

ഫിൽക്ക ഫിലിം സൊസൈറ്റി സംസ്ഥാന വനം വകുപ്പ്, ഭാരത് സേവക് സമാജ് എന്നിവയുമായി ചേർന്ന് 2024 ജൂൺ 23 തീയതി നടത്തിയ ഇക്കോ - ടെറാ എൻവയോൺമെന്റൽ ഫിലിം




ഫെസ്റ്റിവലിന്റെ ഉദ്ഘാടനം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ കരുൺ ആണ് നിർവഹിച്ചത്. ദേശീയവും അന്തർദേശീയവും ആയ പുരസ്കാരങ്ങൾ നേടിയ ഫീച്ചർ ഫിലിമുകൾക്ക് പുറമേ ബാഹ്യനേത്രങ്ങൾ പ്രവർത്തന രഹിതമായിട്ടും ഉൾക്കണ്ണുകൊണ്ട് മഹത്തായ കലാസപര്യ നിർവഹിച്ച ഷംസ് എന്ന മനുഷ്യന്റെ ജീവിതം ചിത്രീകരിച്ചതിലൂടെ ദേശീയ പുരസ്കാരത്തിന് അർഹമായ ഷംസ് വിഷൻ തുടങ്ങി ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ജീവിതം ചിത്രീകരിച്ച ഡോക്യുമെൻററി വരെയുള്ള നിരവധി ശ്രദ്ധേയമായ ഡോക്യുമെന്ററി




ചിത്രങ്ങളുടെ സംവിധായകനാണ് ശ്രീ ഷാജി. എൻ.കരുൺ. സർവ്വശ്രീ. സഞ്ജയൻ കുമാർ ഐ.എഫ്.എസ് (ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്- ഐ.റ്റി),ബി.എസ്. ബാലചന്ദ്രൻ (നാഷണൽ ചെയർമാൻ, ഭാരത് സേവക് സമാജ്), ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡൻറ്, ഫിൽക്ക), സാബു ശങ്കർ(ചലച്ചിത്ര നിരൂപകൻ, നോവലിസ്റ്റ് ), ഡോ. ജെ. ബി.രാജൻ( കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻവിയോൺമെൻറ് ആൻഡ് ഡെവലപ്മെൻറ്), അനിൽകുമാർ പി. വൈ (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈന ബിൾ ഡെവലപ്മെൻറ് ആൻഡ് ഗവർണൻസ്),

ഫിലിം filca വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി







ജയ ശ്രീകുമാർ, (ഡയറക്ടർ ജനറൽ ,ഭാരത് സേവക് സമാജ്), ഗിരിജാ സുരേന്ദ്രൻ (വൈസ് പ്രസിഡന്റ്, ഫിൽക്ക) എന്നിവർ തങ്ങളുടെ സാന്നിധ്യവും വാക്കുകളും കൊണ്ട് ഈ സംരംഭത്തിന് ആശംസകൾ നേരുന്നതിന് സാക്ഷ്യം വഹിക്കാൻ പ്രൗഢമായ സദസ്സിനു കഴിഞ്ഞു.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം, അക്കാര്യത്തിൽ ചലച്ചിത്രങ്ങൾക്കുള്ള പങ്ക് എന്നിവ യോഗത്തിൽ പ്രസംഗിച്ചവർ എടുത്തു പറഞ്ഞു. വിദ്യാർത്ഥികൾ നിർമ്മിച്ച ഡോക്യുമെൻററി ചിത്രങ്ങൾക്കുള്ള സമ്മാനദാനം, പുസ്തക പ്രകാശനം എന്നിവയ്ക്ക് ശേഷം വിദ്യാർത്ഥികളുടെ സമ്മാനാർഹമായ ചിത്രങ്ങളുടെ പ്രദർശനം നടന്നു.പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി യുവജനങ്ങളും വിദ്യാർത്ഥികളും നടത്തുന്ന ശ്രമങ്ങൾ പ്രമേയമായ ചിത്രങ്ങൾ ആയിരുന്നു അവ.

ഈ മേളയിലെ ആദ്യ ചിത്രം ബൊളിവിയൻ ഫീച്ചർ സിനിമയായ നമ്മുടെ വീട്എന്ന അർത്ഥം വരുന്ന ഉട്ടാമ ആയിരുന്നു. ബൊളിവിയൻ ആദിമ നിവാസികളുടെ ആവാസവ്യവസ്ഥ പശ്ചാത്തലമായുള്ള ഈ സിനിമയിൽ കാലാവസ്ഥാ വ്യതിയാനം വരുന്നതോടെ അതിജീവനത്തിന് അവർ ജലത്തിന് വേണ്ടി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചിത്രീകരിച്ചിരിക്കുന്നു.ചെമ്മരിയാടിനെ അനുസ്മരിപ്പിക്കുന്ന ഇലാമ എന്ന വളർത്തു മൃഗത്തെ പരിപാലിച്ച് അവയിലൂടെ വരുമാനം കണ്ടെത്തി ജീവിക്കുന്ന വൃദ്ധനാണ് മുഖ്യ കഥാപാത്രം. മരു പ്രദേശത്തൂടെ നോക്കത്താ ദൂരം നടന്നു വെള്ളം കൊണ്ടുവന്ന് വീട് പുലർത്തുന്ന അയാളുടെ ഭാര്യ. തങ്ങളുടെ മകൻ ഉൾപ്പെടെ പലരും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉള്ള പട്ടണത്തിലേക്ക് പലായനം ചെയ്തിട്ടും അവർ തങ്ങളുടെ ഭവനമായ ഭൂപ്രദേശം വിട്ടു പോകുന്നില്ല. ഭർത്താവിന്റെ മരണശേഷം ഭാര്യയും അവിടെ തുടരാൻ തീരുമാനിക്കുകയാണ്. തങ്ങളുടെ സഹായത്തിനായും അവരെ പട്ടണത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാനായും എത്തിയ മകന്റെ മകനോട് നീ വല്ലപ്പോഴും എന്നെ സന്ദർശിക്കണം എന്ന് പറഞ്ഞ് ആ വൃദ്ധ യാത്രയാക്കുന്ന അവസാന രംഗം ഹൃദയസ്പർശിയാണ്. കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന ദുരന്തങ്ങളെ കുറിച്ചുള്ള മികച്ച പാഠമാണ് ഐ.എഫ്.എഫ്. കെ യിൽ 2022ലെ ഏറ്റവും മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട ഈ സിനിമ.




തുടർന്ന് പ്രദർശിപ്പിച്ച ആസ്ട്രിയൻ ചിത്രം Besetzt-lobau-bleibt എന്ന സിനിമ വിയന്നയിൽ പരിസ്ഥിതിക്ക് നാശം വരുത്തിക്കൊണ്ട് നടക്കുന്ന വമ്പൻ ടണൽ നിർമ്മാണം, റോഡ് നിർമ്മാണം ഇവയ്ക്കെതിരെ ഒത്തുചേർന്ന് പോരാടി അതിൽ ചിലതിൽ വിജയം നേടിയ ഒരുപറ്റം പരിസ്ഥിതി പ്രവർത്തകരുടെ സമരമുഖത്തുള്ള ജീവിത ചിത്രീകരണം ആണ്. വ്യക്തി സുഖങ്ങൾ നേട്ടമിട്ട് ഒത്തുചേരുന്ന ഇന്നത്തെ ചെറുപ്പക്കാർക്കിടയിൽ അവയൊക്കെ ത്യജിച്ച് നമ്മുടെ ആവാസ വ്യവസ്ഥയുടെ

സുസ്ഥിരഭാവി ലക്ഷ്യമിടുന്ന ഇത്തരം കൂട്ടായ്മകളും അവർ നടത്തുന്ന ചർച്ചകളും ഒക്കെ മാതൃകയാണ്.

Piplokto എന്ന റഷ്യൻ ചിത്രം ആർക്ക്ടിക് സമുദ്രത്തിൽ ഭക്ഷണത്തിനുവേണ്ടി വാൾറസ്സുകളെയും തിമിംഗലങ്ങളെയും വേട്ടയാടിയും തുണ്ട്രാ പ്രദേശത്തു നിന്നും വരുന്ന കരടികൾക്കെതിരെ പ്രതിരോധം തീർത്തും പ്രതികൂല സാഹചര്യങ്ങളിൽ കഴിയുന്ന മനുഷ്യരുടെ ജീവിതം ആവിഷ്കരിച്ചിരിക്കുന്നു. Nanook of the North എന്ന വിഖ്യാത ഡോക്യുമെന്ററിയുടെ സ്മരണയുണർത്തി ഈ ചിത്രം.

Slaves to Water എന്ന ചിത്രം ഫ്രഞ്ച് അധിനിവേശ ആഫ്രിക്കൻ രാജ്യത്ത് വെള്ളത്തിന് വേണ്ടി മനുഷ്യർ പ്രത്യേകിച്ചും കുട്ടികൾ, കിലോമീറ്ററുകൾ മരുഭൂമിയിലൂടെ നടന്ന് വെള്ളത്തിന്റെ സ്രോതസ്സ് കണ്ടെത്തി വീട്ടാവശ്യങ്ങൾക്ക് വെള്ളം എത്തിക്കാൻ നടത്തുന്ന അത്യദ്ധ്വാനം നമ്മെ നൊമ്പരപ്പെടുത്തും. 44 നദികൾ ഒഴുകുന്നു എന്ന് എപ്പോഴും മേനി പറയുന്ന മലയാളികൾക്ക് മനസ്സിലാകാത്ത യാഥാർത്ഥ്യം. ഒരുപക്ഷേ നാളെ മനസ്സിലാക്കാൻ പോകുന്ന യാഥാർത്ഥ്യം.

പിന്നീട് കാണാൻ കഴിഞ്ഞത് Jean Jacques Annaud സംവിധാനം ചെയ്ത The Bear എന്ന ഫീച്ചർ ഫിലിം ആണ്.The Lover, Seven Years in Tibet തുടങ്ങിയ വിഖ്യാത ചിത്രങ്ങളുടെ സംവിധായകൻ കൂടിയായ അന്നോടിന്റെ ചിത്രം. പരിസ്ഥിതിയുടെ പ്രത്യേകിച്ച് വനത്തിന്റെ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഭൂപ്രദേശത്ത് ഇര തേടവേ ജീവൻ നഷ്ടപ്പെട്ട അമ്മ കരടി. അമ്മ ചത്തതറിയാതെ അമ്മയുടെ അടുത്ത് പോയി കിടക്കുന്ന കുഞ്ഞ് കരടിയുടെ ചിത്രം ഉള്ളുലയ്ക്കുന്നത്. തുടർന്ന് അവൻ ഒരു കൂറ്റൻ കോഡിയക് കരടിയുമായി ചങ്ങാത്തത്തിൽ ആകുകയും അതിന്റെ സംരക്ഷണയിൽ ജീവിക്കുകയും ചെയ്യുന്നു.വലിയ കരടിയെ വേട്ടയാടാൻ ഒരു സംഘം തോക്കുമായി പിന്തുടരുന്നു .എന്നാൽ ആ കരടിയെ നേർക്കുനേർ കാണുന്ന അവസരത്തിൽ വേട്ടക്കാരനെ നിഷ്പ്രയാസം കൊല്ലാമായിരുന്ന ആ കരടി തിരികെ പോകുന്നു. ബുദ്ധിശൂന്യനായ മനുഷ്യന്റെ ഭീരുത്വം നിറഞ്ഞ പ്രവർത്തിയും മൃഗം കാട്ടുന്ന വിവേകപൂർവമായ പ്രവർത്തിയും തമ്മിൽ താരതമ്യം ചെയ്യുന്നതിന് നമുക്ക് അവസരം നൽകുന്ന ചിത്രമാണിത്.

പ്രിയ തൂവശ്ശേരി സംവിധാനം ചെയ്ത കോറൽ വുമൺ ആയിരുന്നു അടുത്ത ഡോക്യുമെന്ററി. കടലിനടിയിൽ കാണുന്ന പവിഴപ്പുറ്റെന്ന വിസ്മയത്തെ താൻ വരച്ച ചിത്രങ്ങളിലൂടെ മാത്രം അറിഞ്ഞ ഉമാ മണി എന്ന ഗൃഹനായിക ഭർത്താവിൻെറ മരണശേഷം തൂത്തുക്കുടിയിൽ താമസം ആരംഭിക്കുകയും പ്രായത്തെ വെല്ലുവിളിച്ച് സ്കൂബാ ഡൈവർ ആകുകയും തൂത്തുക്കുടിക്ക് ചുറ്റുമുള്ള മന്നാർ കടലിടുക്കിലെ പവിഴപ്പുറ്റിന്റെ പരിപാലകയും സംരക്ഷകയും ഒക്കെയായി മാറുന്ന കാഴ്ച ഈ ഡോക്യുമെൻററിയിൽ കാണാം. പവിഴപ്പുറ്റുന്ന കടലിനടിയിലെ അത്ഭുതലോകം നാമാവശേഷമായി കൊണ്ടിരിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ചും അവയെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും വ്യക്തമാക്കുന്ന ഡോക്യുമെൻററി ആണിത്.

മുംബൈ പട്ടണത്തിന്റെ ഏതാണ്ട് മധ്യത്തിൽ ഒരു ആദിവാസി സമൂഹത്താൽ പരിപാലിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും വരുന്ന ഒരു വനം,അതാണ് മിറിയം ചാണ്ടി മേനാച്ചേരി സംവിധാനം ചെയ്ത The Leopards Tribe ന്റെ പ്രമേയം. വർലി ചിത്രകലയുടെ പ്രയോക്താക്കൾ കൂടിയായ ഈ കൂട്ടർ വനം നിലനിർത്തി കിട്ടാൻ വിവിധതരത്തിലുള്ള സമര മുറകൾ അരങ്ങേറുന്നു. പുലികളുടെ സാന്നിധ്യം കണ്ടെത്തുന്ന ആ വനം അറ്റ കൈക്ക് പുലി തങ്ങളുടെ ആരാധനാമൂർത്തിയാണെന്ന് സ്ഥാപിച്ചുകൊണ്ടാണ് അവർ നിലനിർത്തിയെടുക്കുന്നത്. പുലികൾ അനാവശ്യമായി ആരെ

യും ഉപദ്രവിക്കില്ലെന്ന് ഒരു സന്ദേശവും നൽകുന്നു. ഫ്ലാറ്റുകളും ചേരികളും നിറഞ്ഞ മുംബൈ പട്ടണത്തിൽ വനത്തിലെ തങ്ങളുടെ സ്വച്ഛന്ദമായ ജീവിതാന്തരീക്ഷം വിട്ട് ഒരു ദിവസം പോലും തങ്ങാൻ തങ്ങൾക്കാവില്ലെന്ന് അവർ പറയുന്നു.നർമ്മദാനദിയിൽ അണക്കെട്ട് നിർമ്മാണത്തെ തുടർന്ന് കുടിയൊഴിക്കൽ ഭീഷണി നേരിട്ട ആദിവാസി കുടുംബങ്ങള‌ുടെ സാമ്പത്തിക ഭദ്രതയെ കുറിച്ച് ഒരു ഗ്രാമം കേന്ദ്രീകരിച്ചുള്ള അന്വേഷണമാണ് Submerged എന്ന ചിത്രം.

തരിശുഭൂമിയിൽ മരം വച്ചുപിടിപ്പിക്കാൻ ഇറങ്ങിത്തിരിച്ച ഒരു മനുഷ്യന്റെ ഒറ്റയാൾ പോരാട്ടത്തിന്റെ കഥ അയാളുടെ മകനിലൂടെ പറയുന്നതാണ് Dukhu Majhi-Son of Barren Land എന്ന ഡോക്യുമെൻററി ചിത്രം.

പുഴുവിൽ നിന്നും ചിത്രശലഭത്തിലേക്കുള്ള രൂപാന്തരം അതിൻെറ സകല മനോഹാരിതയോടും കൂടി ചിത്രീകരിക്കുന്ന ഡോക്യുമെൻററി ആണ് ഒരു ചിത്രശലഭത്തിന്റെ ആത്മകഥ എന്ന പ്രസിദ്ധ പക്ഷിനിരീക്ഷകനും പരിസ്ഥിതി പ്രവർത്തകനുമായ സുരേഷ് ഇളമണ്ണിന്റെ ചിത്രം.

അവസാനമായി പ്രദർശിപ്പിച്ച ആമസോണിയ എന്ന ഫീച്ചർ ഫിലിം മൃഗശാലയിൽ വളർത്തപ്പെട്ട ഒരു കപ്പൂച്ചിൻ കുരങ്ങ് ആമസോൺ കാടുകളിൽ എത്തിപ്പെടുന്നതാണ്. അവിടെ അതിനെ കാത്തിരിക്കുന്ന സുന്ദരക്കാഴ്ചകളും പതിയിരിക്കുന്ന അപകടവും ചിത്രീകരിക്കുന്ന സിനിമ.

ഓരോ മേളയ്ക്കും മുൻപായി ഫിൽക്ക ഫിലിം സൊസൈറ്റി ഇറക്കുന്ന ഡിജിറ്റൽ മാഗസിനെക്കുറിച്ച് പരാമർശിക്കാതെ ഈ പ്രതികരണം അവസാനിപ്പിക്കാൻ ആവില്ല .ചിത്രം, ചിത്രകാരൻ, രാജ്യം, അയാൾ നിലകൊള്ളുന്ന ചലച്ചിത്ര പ്രസ്ഥാനം എന്നിവയെ കുറിച്ചൊക്കെ വിശദമായ അറിവ് നൽകുന്ന ലേഖനങ്ങൾ ആണ് അവയിൽ വരുന്നത്. മറ്റൊരു ഫിലിം സൊസൈറ്റിയിലും ഇങ്ങനെ ഒരു പതിവുണ്ടെന്ന് തോന്നുന്നില്ല. ജൂൺ മാസത്തെ ഫിലിം വിഷനി ൽ ഹെൻട്രി ഡേവിഡ് തോറോ, റേച്ചൽ കാർസൺ, യൂജിൻ പ്ളസൻറ് ഓഡം എന്നിവരെ കുറിച്ചുള്ള കനപ്പെട്ട ലേഖനങ്ങൾ, വിജയിച്ചതും പരാജയപ്പെട്ടതുമായ പരിസ്ഥിതി പ്രസ്ഥാനങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന ഏവരെയും അഭിനന്ദിക്കുന്നു.



ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി



# പുതിയ ഫിലിം സൊസൈറ്റികൾക്ക് പ്രോത്സാഹനം



ഡോ.ബി.രാധാകൃഷ്ണൻ
(പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി)



ഒരു ദേശത്തിന്റെ സാംസ്കാരികധാര വിവിധ കലാ പ്രസ്ഥാനങ്ങളിലൂടെയാണ് ബൗദ്ധികമായി നവീകരിക്കപ്പെടുന്നതും സമൃദ്ധമാവുന്നതും . അത് സമൂഹത്തിന്റെ പുരോഗതിയുടെ നിർണ്ണായക ചാലകശക്തികൾ കൂടിയാണ് . ആധുനിക ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന മാധ്യമമായ ചലച്ചിത്രം ഒരു കലാരൂപമെന്ന നിലയിൽ ആസ്വാദക മണ്ഡലത്തിൽ മുന്നേറ്റം തുടരുകയാണ് . ഈ സർഗാത്മക ബൗദ്ധിക സാമ്പത്തിനെയാണ് നാം ക്ളാസ്സിക് എന്ന് വിളിക്കുന്നത് .

ചലച്ചിത്ര ക്ലാസ്സിക് ധാരയെ സമൂഹത്തിനു , പ്രത്യേകിച്ച് യുവതലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടതുണ്ട് . 1950 – കളിൽ ഇന്ത്യയിൽ ആരംഭിച്ച ഫിലിം സൊസൈറ്റി പ്രസ്ഥാനം നിർവഹിക്കുന്നതും ഒരു ദൃശ്യകലാ യൂണിവേഴ്സിറ്റിയുടെ ധർമ്മമാണ് . 1960 – കളുടെ രണ്ടാം പകുതിയിലാണ് ചിത്രലേഖയിലൂടെ കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം ആരംഭിക്കുന്നത് . ലോകസിനിമയെ മലയാളികൾക്ക് പരിചയപ്പെടുത്തുന്നത് . 1970 –കളിലുണ്ടായ കേരളീയ നവതരംഗ സിനിമയെ വളർത്തിയെടുത്തത് . ഇന്നും ആ കർമ്മത്തിനു പ്രസക്തിയുണ്ട് . വൈകിയാണെങ്കിലും യൂണിവേഴ്സിറ്റി സിലബസുകളിലും കോഴ്സുകളിലും സിനിമ കടന്നുവന്നിരിക്കുന്നു . വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന സന്നദ്ധ സാംസ്കാരിക സംഘടനകളാണ് ഫിലിം സൊസൈറ്റികൾ . അത് മികച്ച ധാരണയെയും ആസ്വാദന ശീലത്തെയും വളർത്തിയെടുക്കുന്നതിൽ ഇന്നും സുപ്രധാന പങ്ക് വഹിക്കുന്നു .തലസ്ഥാന നഗരിയിൽ 25–30 വർഷത്തിലേക്ക് പ്രവേശിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റിയുടെ സ്ഥാപക അംഗമെന്ന നിലയിലും ഫിൽക്കയുടെ ഇപ്പോഴത്തെ പ്രസിഡന്റ് എന്ന നിലയിലും മേൽപ്പറഞ്ഞ സാമൂഹിക ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ പ്രവർത്തന മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് ജോയിന്റ് കൗൺസിൽ – നന്മ ഫിലിം സൊസൈറ്റിക്ക് തുടക്കം കുറിക്കാൻ പങ്ക് ചേർന്നത് .

സാമ്പത്തിക ലാഭത്തിനു വേണ്ടി ഒരു സമൂഹത്തിന്റെ വിലപ്പെട്ട മാധ്യമത്തെ ഉപയോഗിക്കുന്നവർ ഏറെയുണ്ടാകാം . തീയേറ്ററിലെ ടിക്കറ്റ് കളക്ഷൻ മാനദണ്ഡമാക്കി കൂടുതൽ പ്രേക്ഷകരെ ആകർഷിക്കുകയും ചെയ്യുന്നുണ്ടാവാം . പക്ഷെ ആ മാനദണ്ഡം ഫിലിം സൊസൈറ്റികൾക്കില്ല . സാമ്പത്തിക ലാഭമല്ല ഫിലിം സൊസൈറ്റിയുടെ ലക്ഷ്യം . ഗ്രന്ഥശാലകൾ നിർവഹിക്കുന്ന സാമൂഹിക കർമ്മമെന്തോ അതുതന്നെയാണ് മൂല്യാധിഷ്ഠിതമായി ഫിലിം സൊസൈറ്റികളും നിർവഹിച്ചു പോരുന്നത് . അവിടെ പ്രേക്ഷകരുടെ എണ്ണമല്ല , ഗുണപരമായ,അവബോധ മാറ്റങ്ങളാണ് നോക്കുന്നത് .

തലസ്ഥാന നഗരിയിൽ വിശ്വസിനിമായെ പരിചയപ്പെടുത്തുന്ന സംരംഭത്തിന് കൈകോർക്കുന്ന ഫിൽക്കയും ജോയിന്റ് കൗൺസിലും പുതിയ വഴികൾ തുറക്കട്ടെ ; മികച്ച ആസ്വാദക ലോകത്തെ വളർത്തിയെ ടുക്കട്ടെ ! പുതിയ ഫിലിം സൊസൈറ്റികൾ രൂപീകരിക്കുന്നതിനും ഫിലിം പാക്കേജുകൾ കണ്ടെത്തുന്നതിനും പ്രദർശിപ്പിക്കുന്നതി നും കേരളത്തിൽ ഫിൽക്ക പോലുള്ള പന്ത്രണ്ട് ഫിലിം സൊസൈറ്റികൾ ഒന്നുചേർന്ന് വിവിധ ജില്ലകളിലായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്









ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ലോകകലയിൽ ഇടംപിടിക്കുന്ന നീലഗ്രഹ ചിന്തകൾ



സാബു ശങ്കർ
(നോവലിസ്റ്റ്, ചലച്ചിത്ര ഗ്രന്ഥകാരൻ, സീരിയൽ -ഡോക്യുമെന്ററി സംവിധായകൻ)



നീലഗ്രഹ ചലച്ചിത്രമേള എന്ന് പേരിട്ടിരിക്കുന്ന ജൂലൈ മാസ ഫിൽക്ക ഫിലിം ഫെസ്റ്റിവലിന്റെ പ്രമേയം ആധിപത്യം, വംശനാശം (Dominence and Extinction) എന്നതാണ് . നാലു സിനിമകളാണ് ഇവിടെ ക്യൂറേറ്റ് ചെയ്തിരിക്കുന്നത് .

മനുഷ്യന്റെ സാഹസിക കുടിയേറ്റം, ആധിപത്യം , കോളനി വാഴ്ച , പ്രകൃതി വിഭവങ്ങളെ നശിപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾ , തദ്ദേശീയ സംസ്കാരത്തിന്റെ ഉന്മൂലനം തുടങ്ങിയവ പ്രകൃതിയുടെ താളങ്ങളെയും ആവാസ വ്യവസ്ഥയെയും ജൈവ വൈവിധ്യത്തെയും സന്തുലനത്തെയും കാലാവസ്ഥയെയും കീഴ്മേൽ മറിക്കുന്നു . ഈ കടന്നുകയറ്റത്തിൽ പരിസ്ഥിതിയും ജീവജാലങ്ങളും നശിക്കുന്നു. മാത്രമല്ല , മാരക ആയുധങ്ങളും രാസമാലിന്യങ്ങളും പ്രകൃതിയെ മലീമസമാക്കുന്നു.





ഭാവി സുരക്ഷയെ അവഗണിച്ചുകൊണ്ടുള്ള മനുഷ്യന്റെ അപകടകരമായ, ആവേശകരമായ അധിനിവേശത്തെ ആവിഷ്ക്കരിക്കുന്ന സിനിമകളാണ് രണ്ടെണ്ണം .

ജർമ്മൻ സംവിധായകനായ വെർണെർ ഹെർസോഗിന്റെ ( Werner Hersog ) അഗ്വിറെ,ദി റാത്ത് ഓഫ് ഗോഡ്( Aguirre,The Wrath of God) , ഫിറ്റ്സ് കറാൾഡോ ( Fitzcaraldo ) എന്നീ സിനി മകൾ വിശ്വപ്രസിദ്ധമാണ് .റിച്ചാർഡ് ആറ്റൻബറോ എന്ന വിശ്രുത സംവിധായകന്റെ സഹോദരനാണ് ഡേവിഡ് ആറ്റൻബറോ (David Attenborough) . ബിബി സി യ്ക്ക് വേണ്ടി അദ്ദേഹം അവതരിപ്പിച്ച രണ്ട് സിനിമകളും ഈ ചലച്ചിത്രമേളയിൽ ഉൾപ്പെടുത്തിയിരിക്കുന്നു .



ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം





മനുഷ്യന്റെ ആധിപത്യം മൂലമുണ്ടായ പ്രത്യാഘാതങ്ങളെ ഈ രണ്ട് സിനിമകൾ ശാസ്ത്രീയമായും സൂക്ഷ്മമായും വിലയിരുത്തുന്നു . എ ലൈഫ് ഓൺ അവർ പ്ലാനറ്റ് (A life on our Planet ) എന്ന സിനിമ ഭൂമിയിൽ ജീവജാലങ്ങളുടെ നിലനിൽപ്പിന് അപകടകരമായി തീർന്നിരിക്കുന്ന അവസ്ഥകളെ അവലോകനം ചെയ്യുന്നു . ജീവന്റെ ഉറവിടമായ,മനോഹരമായ പ്രകൃതിയെ മറന്നുകൊണ്ടുള്ള മനു ഷ്യന്റെ ജൈത്രയാത്ര വാസ്തവത്തിൽ വഴിതെറ്റി പോയിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു .വംശനാശ യാഥാർഥ്യങ്ങൾ ( Extinction , The Facts ) എന്ന സിനിമയാവട്ടെ ഭൂമിയിലെ ജൈവ വൈവിധ്യങ്ങളുടെ വംശനാശത്തെ പ്രതിപാദിക്കുന്നു . പ്രകൃതിചരിത്രത്തിൽ കഴിഞ്ഞ നൂറ് വർഷം കൊണ്ട് ഭീമമായ തോതിൽ ജീവജാലങ്ങൾ ഇല്ലാതായിത്തീർന്നുവെന്ന് ചൂണ്ടിക്കാട്ടുന്നു . ഭൗമചരിത്രത്തിൽ ജീവികളുടെ വംശനാശം വലിയ അളവിൽ അഞ്ച് പ്രാവശ്യം സംഭവിച്ചിട്ടുണ്ട് . ഇനി ആറാമതൊരു കൂട്ടവംശനാശത്തിലേക്ക് നീങ്ങുകയാണെന്നും സൂചിപ്പിക്കുന്നു .

ബാഹ്യാകാശത്തു നിന്ന് നോക്കുമ്പോൾ ഭൂമി ഒരു നീലഗ്രഹമാണ് . ആ നീലഗ്രഹത്തെ കുറിച്ചുള്ള പരിചിന്തനങ്ങൾ ലോകകലയുടെ സൗന്ദര്യതത്വശാസ്ത്രത്തിൽ പ്രാധാന്യം നേടുകയാണ് . സാഹിത്യത്തിലും ചിത്രകലയിലും എന്നപോലെ വിശ്വസിനിമയിലും ആ ദർശനത്തിന്റെ ലാവണ്യരൂപിമങ്ങൾ കാഴ്ചവയ്ക്കുന്ന സൃഷ്ടികൾ ആധുനികാനന്തര ലോകത്തിനുള്ള ഓർമ്മപ്പെടുത്തലുകളാണ് .




ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
പ്രതികരണം





# വെർണർ ഹെർസോഗ് - ഭ്രമാത്മകതയുടെ കൂട്ടുകാരൻ




സുരേഷ്കുമാർ.സി.
(ബീം ഫിലിം സൊസൈറ്റി)

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെയും പരസ്പര സംഘർഷത്തിന്റെയും സൂക്ഷ്മതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന പ്രമേയാവതരണ രീതിയിലൂടെ ലോക സിനിമയിൽ സ്വന്തം ഇരിപ്പിടം നേടിയെടുത്ത ജർമ്മൻ - സ്പാനിഷ് ചലച്ചിത്രകാരനാണ് വെർണർ ഹെർസോഗ്. ഹൃസ്വ ചിത്രങ്ങളിൽ തുടങ്ങിയ തന്റെ സിനിമാ ജീവിതത്തിൽ കഥാ ചിത്രങ്ങൾക്കും ഡോക്കുമെന്ററികൾക്കും തുല്യ പ്രാധാന്യമായിരുന്നു അദ്ദേഹം നൽകിയിരുന്നത്. സമാന്തരമായിരുന്നു രണ്ടു വിഭാഗങ്ങളുടേയും ഗ്രാഫും.

പ്രകൃതി അദ്ദേഹത്തിന്റെ കലാദർശനത്തിന്റെ അടിത്തറയായിരുന്നു. ശാന്തവും രൗദ്ര വുമായ പ്രകൃതിയുടെ മടിത്തട്ടിലിരുന്നാണ് മാനുഷിക സംഘർഷങ്ങളെപ്പോലും അദ്ദേഹം പരിശോധിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആദ്യ കാല കഥാചിത്രങ്ങളിൽ പ്രശസ്തമായ സിനിമ കളാണ് 1972 ൽ പുറത്തിറങ്ങിയ Aguirre, the wrath of God , 1982 ലെ Fitzcarraldo.

സ്പാനിഷ് കൊളോണിയൽ വ്യാപനത്തിന്റെ ഒരു ഏടിനെ മറയാക്കി നിർമ്മിച്ച ഈ ചിത്രം







ചരിത്രത്തോടല്ല പ്രകൃതിയോടാണ് ചേർന്നു നിൽക്കുന്നത്. സ്പാനിഷ് പടയാളികളെ കരുവാക്കി ആമസോൺ നദിക്കരയിലെ പെറൂവിയൻ മഴക്കാടുകളുടെ എല്ലാ ഭാവങ്ങളും പുറത്തെത്തിക്കുകയായിരുന്നു ഈ സിനിമയി ലൂടെ വെർണർ ചെയ്തത്. പ്രകൃതിയിലേക്കും തിരിച്ചും പ്രേക്ഷകന് കടന്നു ചെല്ലാൻ പാകത്തിൽ സൂക്ഷ്മവും സാവധാന വുമായിരുന്നു അദ്ദേഹത്തിന്റെ ചിത്രീകരണ രീതി. കൊളോണിയൽ പടയാളികളുടെ കീഴടക്കലുകൾക്കും മീതെ ആമസോൺ കാടുകളുടെ അധീശത്വം സ്ഥാപിച്ചെടുക്കുന്ന തിലൂടെ തന്റെ കലാസങ്കൽപ്പങ്ങളിൽ പ്രകൃതി ക്കുള്ള സ്ഥാനം വെളിപ്പെടുത്തുകയാണ് ഈ സിനിമയിലൂടെ വെർണർ.

മറ്റൊരു ആദ്യകാല സിനിമയായ The Enigma of Kasper Houser ( 1974) ൽ ഏകാന്തത സ്വയം വരിച്ച ഒരു വ്യക്തിയിലൂടെ മനുഷ്യമന സ്സിന്റെ സ്വകാര്യ പ്രകൃതത്തിലൂടെയായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരം. 17 വർഷത്തോളം ഒരു അറയ്ക്കുള്ളിൽ ഏകാന്തവാസമനുഷ്ഠിച്ച ഒരു വ്യക്തിയുടെ സംവേദനയിടത്തിൽ പ്രകൃതിയല്ലാതെ മറ്റെന്താണുണ്ടാവുക ? മനുഷ്യ

സംഘർഷങ്ങളും പ്രകൃതിയുടെ ലാളനകളും വെർണർ മനോഹരമായി ഇഴചേർത്തിരിക്കുന്നു. ഏകാന്തതയിൽ നിന്നും പുറത്തുവന്ന ശേഷമുള്ള അയാളുടെ ജീവിതം അയഥാർത്ഥ തലങ്ങളിലൂടെയാണ് നീങ്ങുന്നത്. സഹസ്രാബ്ദങ്ങൾക്കപ്പുറം ജീവിച്ച ഒരു സഹാറിയൻ നാടോടി വംശത്തിന്റെ ഓർമ്മകൾ പങ്കു വെച്ചു കൊണ്ടാണ് കഥാനായകൻ മരിക്കുന്നതും.


സമാനമായ ഭ്രമാത്മക തലങ്ങളിലൂടെ കടന്നു പോകുന്ന ചിത്രമാണ് 1976 ൽ ഇറങ്ങിയ Heart of Glass. മാന്ത്രിക ശക്തിയുണ്ടെന്ന് കരുതപ്പെട്ട Rubyglass ന്റെ നിർമ്മാണ രഹസ്യം, മുഖ്യ തൊഴിലാളിയുടെ മരണത്തോടെ നഷ്ടപ്പെട്ടു എന്ന അവസ്ഥയോട് സമരസപ്പെടാനാവാതെ പോയ ഗ്ലാസ്സ് ഫാക്ടറി ഉടമയുടേയും നാട്ടുകാരുടേയും ഭ്രാന്തമായ ജീവിത വ്യാപാരങ്ങളാണ് ഈ ചിത്രം കാണിക്കുന്നത്. അഭിനേതാക്കളെല്ലാം പല തോതിൽ ഹിപ്നോട്ടൈസ് ചെയ്യപ്പെട്ട അവസ്ഥയിലാണ് അഭിനയിക്കുന്നത്. നാട്ടുകാരുടെ വിഭ്രമാവസ്ഥ സത്യസന്ധമായി ചിത്രീകരിക്കാൻ വെർണർ സ്വീകരിച്ച ഈ മാർഗ്ഗം വിജയകരമായി എന്ന് തന്നെയാണ് നിരൂപകമതം.

കഥാചിത്രങ്ങൾ പോലെ തന്നെ അസാധാരണ പ്രമേയങ്ങളാണ് വെർണർ തന്റെ ഡോക്കുമെൻററികൾക്കായും തെരഞ്ഞെടുക്കുന്നത്. അമേരിക്കൻ പ്രകൃതി /മൃഗ സംരക്ഷകനായ Timothy Treadwell ന്റെയും കൂട്ടുകാരി Amie Huguenard ന്റെയും ദാരുണാന്ത്യത്തിന്റെ പശ്ചാത്തലത്തിൽ 2005 ൽ നിർമ്മിച്ച GR1ZZLY MAN ലോകോത്തര ഡോക്കുമെന്ററികളിലൊന്നാണ്. കരടികളോട് പ്രത്യേക താൽപ്പര്യമുണ്ടായിരുന്ന തിമോത്തിയും സുഹൃത്തും വർഷങ്ങളോളം കരടികളുമായി അടുത്ത് സഹവർത്തിക്കുകയും അവയുടെ ആവാസ വ്യവസ്ഥ സൂക്ഷ്മമായി പുറം ലോകത്തെ അറിയിക്കുകയും ചെയ്തു കൊണ്ടിരുന്നു. കരടികൾക്ക് തന്റെ ഭാഷ മനസ്സിലാകുമെന്ന് അഭിമാനിച്ചിരുന്ന തിമോത്തിയും സുഹൃത്തും 2003 ൽ അലാസ്കയിലെ Katmai National Park ൽ വച്ച് കരടികളുടെ അപ്രതീക്ഷിത ആക്രമണത്തിൽ കൊല്ലപ്പെടുകയായിരുന്നു. ചിത്രത്തിൽ ഉപയോഗിച്ചിട്ടുള്ള, മരണ സമയത്ത് റിക്കോർഡ് ചെയ്യപ്പെട്ട ശബ്ദരേഖ തന്നെ വല്ലാതെ വേട്ടയാടിയിരുന്നു എന്ന് വെർണർ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും സംഘർഷത്തിന്റെയും ഭ്രാന്തമായ ദൃശ്യങ്ങളാണ് ഈ ഡോക്കുമെന്ററിയെ വേറിട്ടു നിർത്തുന്നത്.

വിയറ്റ്നാം യുദ്ധത്തിൽ തടവുകാരനാക്കപ്പെടുകയും തടവുചാടി രക്ഷപ്പെടുകയും ചെയ്ത Dieter Dengler എന്ന അമേരിക്കൻ നാവിക സേനാനിയുടെ കഥ പറയുന്ന Rescue Dawn (2006) എന്ന ഡോക്കുമെൻററിയിലും വിയറ്റ്നാമീസ് കാടുകളുടെ ദ്വന്ദ്വഭാവങ്ങൾ പകർത്തിയെടുത്ത് വെർണർ പ്രകൃതിയോടുള്ള തന്റെ ഹൃദയൈക്യം പ്രഖ്യാപിക്കുന്നുണ്ട്. മനുഷ്യരചിതമായ, ഏറ്റവും പഴക്കമുള്ളതെന്ന് കരുതപ്പെടുന്ന രൂപരേഖകളുള്ള, ദക്ഷിണ ഫ്രാൻസിലെ Chauvet Cave നെ പറ്റിയുള്ള Cave of Forgotten Dreams (2010) അതുപോലെ പ്രസിദ്ധമായ ഡോക്കുമെന്ററിയാണ്. 32000 വർഷങ്ങളോളം പഴക്കം കൽപ്പിക്കുന്ന രേഖാചിത്രങ്ങളുള്ള ഗുഹയന്വേഷിച്ചുള്ള യാത്ര പ്രമേയ തെരഞ്ഞെടുപ്പിൽ വെർണറുടെ ഭ്രാന്തമായ ആവേശം സൂചിപ്പിക്കുന്നുണ്ട്. അജ്ഞാതവും സാഹസികവുമായ മേഖലകളിലേക്കാണ്, കഥാചിത്രമായാലും ഡോക്കുമെന്ററിയായാലും, അദ്ദേഹം നോട്ടം അയയ്ക്കുന്നത്.

പ്രകൃതിയിലും ഭ്രാന്തമായ മാനുഷിക സംഘർഷങ്ങളിലും തന്റെ പ്രമേയങ്ങൾ തേടിപ്പോകുന്ന, അസാധ്യമായ ലക്ഷ്യങ്ങൾക്കായുള്ള യാത്രകളെ പിന്തുടരുന്ന, സൂഷ്മ നിരീക്ഷണത്തിലൂടെ മാത്രം അനുവാചകന് പിടി തരുന്ന ഒരു വിശ്വ ചലച്ചിത്രകാരനാണ് വെർണർ ഹെർസോഗ്.

# ഡേവിഡ് ആറ്റൻബെറോ



ഷീബ. എസ്. ജെയിംസ്

1960കളിലും 1970 കളിലും ബി. ബി.സി ടെലിവിഷന്റെ പ്രോഗ്രാം ഡയറക്ടർ ആയിരുന്നു . ബ്രിട്ടീഷ് ബ്രോഡ് കാസ്റ്റർ, ജീവ ശാസ്ത്രജ്ഞൻ, പ്രകൃതി ചരിത്ര കാരൻ, എഴുത്തുകാരൻ എന്നീ നിലകളിൽ തിളങ്ങിയ അദ്ദേഹം ബി .ബി .സി നിർമിച്ച നിരവധി പ്രകൃതി ഡോക്യുമെന്ററി കളു ടെ ആഖ്യാതാവ്, അവതാരകൻ എന്നീ നിലകളി ൽ പ്രശസ്തനാണ്. നാച്ചുറൽ ഹിസ്റ്ററി പ്രോഗ്രാമിംഗ് മേഖലയിലെ ഏറ്റവും സ്വാധീന മുള്ള വ്യക്തികളിൽ ഒരാളായി അദ്ദേഹം പരക്കെ അറി യപ്പെടുന്നു.

1926 മെയ് 8 ന് ജനിച്ച അദ്ദേഹത്തിന് ഇന്ന് പ്രായം 98 വയസ്സ്. മുഴുവൻ പേര് സർ ഡേവി ഡ് ഫ്രെഡറിക് ആറ്റൻബെറോ. പ്രശസ്ത ബ്രിട്ടീഷ് സംവിധായകൻ റിച്ചാർഡ് ആറ്റൻബെ റോയുടെ സഹോദരൻ. 2002 - ൽ നടന്ന ഒരു അഭിപ്രായസർവേയിൽ അദ്ദേഹത്തെ മഹാത്മാന്മാരായ നൂറു ബ്രിട്ടീഷുകാരിൽ ഒരാ ളായി തെരഞ്ഞെടുക്കുകയുണ്ടായി. ബ്രിട്ടനി ൽ അദ്ദേഹം ഒരു ദേശീയനിധി ആയി കരുത പ്പെടുന്നു. ലെസ്റ്റർ സർവകലാശാലയുടെ പ്രിൻസിപ്പൽ ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ് ഫ്രെഡറിക്. ജേഷ്ഠൻ പ്രശസ്ത നടനും സംവിധായകനും ആണെങ്കിൽ അനുജൻ ജോൺ ഇറ്റാലിയൻ കാർ നിർമ്മാതാക്കളായ ആൽഫ റോമിയോയിൽ എക്സിക്യൂട്ടിവ് ആയിരുന്നു.

ഫോസിലുകൾ, കല്ലുകൾ, പ്രകൃതിദത്ത മാതൃകകൾ എന്നിവ ശേഖരിക്കുന്നതിനാണ് ആറ്റൻബെറോ അദ്ദേഹത്തിന്റെ കുട്ടിക്കാലം ചെലവഴിച്ചത്. അശ്രദ്ധമായി പ്രകൃതിയെ നശി പ്പിക്കുകയും, സമ്പത്ത് കൊള്ളയടിക്കുകയും ചെയ്തു കൊണ്ട് മനുഷ്യർ പ്രകൃതിയെ അപ



കടത്തിലാക്കുന്നു. അതിനെ തടയുന്ന വഴി കളിൽ ആണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഇംഗ്ലണ്ടിലെ ലെസ്റ്ററിലാണ് ആറ്റൻബെറോ വളർന്നത്. 1949- ൽ ഒരു വിദ്യാഭ്യാസ പ്രസിദ്ധീകരണശാലയിൽ ജോലി ആരംഭിച്ചു. അത് കഴിഞ്ഞ് , ബ്രിട്ടീഷ് ബ്രോഡ് കാസ്റ്റിംഗ് കോർപ്പറേഷനിൽ ( ആആഇ) ടെലിവിഷൻ പ്രൊഡ്യൂസർ ആയി. ഉരഗ ക്യുറേറ്റർ ജാക്ക് ലെസ്റ്ററുമായി ചേർന്ന് 1954- ൽ അദ്ദേഹം ടെലിവിഷൻ പരമ്പര ആരംഭിച്ചു.

ജീവനുള്ള മൃഗങ്ങളെ കാട്ടിൽ ചെന്നും, മൃഗശാലയിൽ വച്ചും ചിത്രീകരിച്ചു. ഷോ ജനപ്രിയമായി. 1965- ൽ BBC യുടെ പുതിയ രണ്ടാമത്തെ ചാനൽ കൺട്രോളർ ആയി. ടെലിവിഷൻ പരമ്പരകൾ നിർമ്മിക്കാനും, എഴുതാനും ആയി അദ്ദേഹം ജോലി രാജിവച്ചു.

## ശ്രദ്ധേയമായ കൃതികൾ.

**1.ലൈഫ് ഓൺ എർത്ത്.** (1979)
നാഴികക്കല്ലായ ഈ പരമ്പര ഭൂമിയിലെ ജീവന്റെ തുടക്കം മുതൽ ഇന്ന് വരെയുള്ള ചരിത്രം രേഖ പെടുത്തുന്നു.

**2.ലിവിങ് പ്ലാനറ്റ് (1984)**
ലോകത്തെ വിവിധ ആവാസ വ്യവസ്ഥകൾ പര്യവേക്ഷണം ചെയ്തു.

**3.ദി ബ്ലൂ പ്ലാനറ്റ് ( 2001)**
സമുദ്ര ജീവജാലങ്ങളിലും സമുദ്ര ആവാസ വ്യവസ്ഥയിലും ശ്രദ്ധ കേന്ദ്രീകരിച്ചു. നമ്മുടെ നീല ഗ്രഹംഎന്ന അവസാന എപ്പിസോഡിൽ നരവംശ പ്രവർത്തനത്തിന്റെ പങ്ക് ആറ്റൻ ബെറോ പരിശോധിക്കുന്നു. മുഴുവൻ സീരീസും പ്ലാസ്റ്റിക്, രാസ മലിനീകരണം ഇവ സമുദ്ര ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ ഉയർത്തി കാട്ടുന്നു.

**4.പ്ലാനറ്റ് എർത്ത് (2006)**
ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന പ്രകൃതിദത്ത ആവാസ വ്യവസ്ഥകൾക്ക് സമഗ്രമായ കാഴ്ച്ച നൽകി. ലോകമെമ്പാടും ഉള്ള യാത്രയിൽ, ധ്രുവത്തിൽ നിന്നും ധ്രുവത്തിലേക്ക് , കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലങ്ങളിലേക്ക് ഈ സീരീസ് ശ്രദ്ധ ആകർഷിക്കുന്നു.

**5.ഫ്രോസൺ പ്ലാനറ്റ് (2011)**
ധ്രുവ പ്രദേശങ്ങളുടെ സ്വാഭാവികചരിത്രം എടുത്തു കാണിച്ചു. ഓരോ എപ്പിസോഡും ഭൂമിയിലെ ഏറ്റവും വിദൂര സ്ഥലങ്ങളിലെ ജീവിതത്തിന്റെ ഒരു നേർക്കാഴ്ച കാണിക്കുന്നു.

**6.പ്ലാനറ്റ് എർത്ത് II (2016)**
ചിത്രീകരണ സാങ്കേതിക വിദ്യയിലെ പുതിയ മുന്നേറ്റങ്ങൾ അവതരിപ്പിക്കുന്ന ഒർജിനൽ സീരീസിന്റെ തുടർച്ച.

**7.ബ്ലൂ പ്ലാനറ്റ് II (2017)**
ലോക സമുദ്രങ്ങളുടെ സ്വാഭാവിക ചരിത്രത്തെ കുറിച്ചുള്ള ആദ്യത്തെ സമഗ്രമായ പരമ്പര. സമുദ്ര ജീവികളിൽ മനുഷ്യ പ്രവർത്തനത്തിന്റെ അപകട സാധ്യത പരിശോധിക്കുന്നു.

**8.നമ്മുടെ ഗ്രഹം (2019)**
പ്രകൃതി ലോകത്തിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു നെറ്റ്ഫ്ലിക്സ് സീരീസ്. ഭൂമിയിലെ സ്വാഭാവികജീവിതത്തിന് സമാന്തരമായി ഭൂമിയിലെ തന്റെ ജീവിതം അദ്ദേഹം വിവരിക്കുന്നു. ഡേവിഡ് ആറ്റൻബെറോയുടെ ഡോക്യുമെന്ററികൾ ഉയർന്ന സാങ്കേതികത , വിപുലമായ ഗവേഷണം, ആകർഷകമായ ആഖ്യാനം എന്നിവ കൊണ്ട് മികവുറ്റതാണ്. ഇവയിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം, പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ അടിയന്തര ആവശ്യം ഊന്നി പറയുന്നു. അദ്ദേഹത്തിന്റെ സൃഷ്ടികൾ നാച്ചുറൽ ഹിസ്റ്ററി ഫിലിം മേക്കിങ് രംഗത്ത് മായാത്ത മുദ്ര പതിപ്പിച്ചു.ഡോക്യുമെന്ററികൾ കണ്ടും, കൃതികൾ വായിച്ചും അനേകം പേർ പ്രകൃതി സമ്പത്തിനെ സംരക്ഷിക്കാൻ രംഗത്ത് വന്നു.



പ്രകൃതിയുടെ വൈവിധ്യവും, സങ്കീർണ്ണതയും ആഘോഷിക്കുക എന്നതാണ് ആറ്റൻബെറോയുടെ പ്രാഥമിക കാഴ്ചപ്പാട്. അദ്ദേഹത്തിന്റെ ഡോക്യുമെന്ററികൾ വന്യ ജീവികളുടെ ആവാസവ്യവസ്ഥ, അതിന്റെ മഹത്വം ഇവ ഊന്നി പറയുന്നു. അദ്ദേഹത്തിന്റെ ഫിലിമുകളിലെ പ്രധാന വിഷയം പരിസ്ഥിതി സംരക്ഷണത്തിന്റെ അടിയന്തര ആവശ്യമാണ്. ഊഷ്മളവും ആകർഷകവും ആധികാരികവുമായ ശബ്ദമാണ് ആറ്റൻബെറോയുടെ ആഖ്യാനത്തിന്റെ സവിശേഷത. അദ്ദേഹത്തിന്റെ കഥ പറച്ചിൽ വിജ്ഞാന



പ്രദവും ആകർഷകവുമാണ്. കാഴ്ച്ചക്കാരെ പ്രകൃതിയിലേക്ക് കൊണ്ടുപോകുന്നതിന് അത് സഹായിക്കുന്നു.

ആറ്റൻ ബെറോയുടെ ഡോക്യുമെന്ററികൾ ഛായാഗ്രഹണത്തിൽ പേര് കേട്ടതാണ്. അൾട്രാ - ഹൈ ഡെഫനിഷൻ ക്യാമറകൾ, ഡ്രോണുകൾ, റിമോട്ട് നിയന്ത്രിത ക്യാമറകൾ ഇവ ചിത്രീകരണ സാങ്കേതിക വിദ്യയെ മികവുറ്റതാക്കി. സംഗീതത്തിന്റെയും, ശബ്ദത്തിന്റെയും ഉപയോഗം ഇവ ദൃശ്യങ്ങൾക്ക് വൈകാരികത ഉണ്ടാക്കി. ശ്രദ്ധാ പൂർവ്വം തെരഞ്ഞെടുത്തതാണ് സംഗീതം. പ്രകൃതി സമ്പത്തിന്റെ അത്ഭുതങ്ങൾ ചിത്രീകരിക്കാൻ അദ്ദേഹം മുന്നിലായിരുന്നു. 43 ലധികം രാജ്യങ്ങളിലെ മരുഭൂമികളും, പുൽമേടുകളും ഒരു ഡോക്യുമെന്ററിയിൽ അദ്ദേഹം പ്രദർശിപ്പിച്ചു. വന്യജീവി സ്വഭാവത്തെയും പ്രകൃതി പ്രതിഭാസങ്ങളെയും ചിത്രീകരിച്ച് പ്രദർശിപ്പിക്കുന്നതിലൂടെ കാഴ്ച്ചക്കാരെ ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 2005 ലും 2006 ലും ആറ്റൻ ബെറോ, ബേർഡ് ലൈഫ് ഇന്റർനാഷണൽ പ്രൊജക്റ്റിനെ പിന്തുണച്ചു. ബോർണിയേയിലെ മഴക്കാടുകളെ 22,000 ചതുരശ്രകിലോ മീറ്റർ സംരക്ഷിത പ്രദേശമായി നിശ്ചയിക്കാനുള്ള ണണഎ ന്റെ പ്രചാരണത്തിന് അദ്ദേഹം പിന്തുണ നൽകി.


2023 - ൽ യു.കെയിലെ ഗ്രീൻ ഡിപ്ലോമസി അമൂല്യമായ വ്യക്തി ആയി ആറ്റൻബെറോയെ വിശേഷിപ്പിച്ചു. ബ്രിട്ടനിലെ ഏറ്റവും ശക്തരായ ഇടതുപക്ഷ വ്യക്തികളുടെ പട്ടികയിൽ 23-ാം സ്ഥാനത്ത് അദ്ദേഹത്തെ തെരഞ്ഞെടുത്തു. ഒന്നിലധികം ബാഫ്റ്റ അവാർഡുകൾ, പ്രൈം ടൈം എമ്മി അവാർഡ് ( 2018 ), പിബോഡി അവാർഡ് ( 2014) പ്രകൃതി ചരിത്ര സംഭാവനയ്ക്കുള്ള അവാർഡുകൾ ഇങ്ങനെ ധാരാളം അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പ്രശസ്തമായ ഓർഡർ ഓഫ് മെറിറ്റ്, റോയൽ ജിയോ ഗ്രാഫിക്കൻ സൊസൈറ്റി യുടെ സ്ഥാപക സ്വർണ്ണമെഡൽ എന്നിവയും അദ്ദേഹത്തിന് ലഭിച്ച അവാർഡുകളിൽ ഉൾപ്പെടുന്നു.

93-ാം വയസ്സിൽ ഡേവിഡ് ആറ്റൻബെറോയുടെ 2020 - ലെ സിനിമയാണ് എ ലൈഫ് ഓൺ ഔർ പ്ലാനറ്റ് . ഭൂമിയുടെ ആഗോള തകർച്ചയുടെ സാക്ഷ്യപത്രമാണ് ഈ സിനിമ. ഭൂമിയിലെ സ്വാഭാവികജീവിതത്തിന് സമാന്തരമായി ഭൂമിയിലെ തന്റെ ജീവിതം അദ്ദേഹം വിവരിക്കുന്നു. മാറുന്ന ലോകം എത്ര ദുർബലമാണെന്ന് എന്ന് ഈ സിനിമ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇങ്ങനെ പ്രകൃതി ലോകത്തിന്റെ അത്ഭുതങ്ങൾ ചിത്രീകരിക്കുന്ന ആറ്റൻബെറോ മനുഷ്യ മനസ്സുകളിൽ സ്ഥാനം പിടിച്ച ഒരു ഫിലിം മേക്കർ തന്നെയാണെന്നതിൽ അതിശയോക്തി ഇല്ല. കഴുത്തിനു താഴെ വർണ്ണ വിശറിയുള്ള ഓന്തിനമായ സിറ്റാന ആറ്റൻബെറോക്കിയെ ആദ്യമായി കേരളത്തിൽ കണ്ടെത്തിയപ്പോൾ ആറ്റൻബെറോയുടെ പേര് നൽകിയതിൽ അത്ഭുതപ്പെടാനില്ല. പ്രകൃതിയുടെ രക്ഷകനായി ആറ്റൻബെറോ നമ്മുടെ മനസ്സുകളിൽ ജീവിക്കുന്നു. ●




ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി

















ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# അഗ്വിറെ, ദി റാത്ത് ഓഫ് ഗോഡ്



വിനോദ് കുമാർ. പി,
(ഫിൽക്ക)




1972-ൽ Werner Horzog എഴുതി സംവിധാനം ചെയ്ത ഒരു ഐതിഹാസിക ചരിത്ര ചിത്രമാണ് അഗ്വിറെ, ദി റാത്ത് ഓഫ് ഗോഡ്. സ്വർണ്ണത്തിന്റെ പുരാണ നഗരമായ El Dorado-യെ തേടി ആമസോൺ നദിയിലൂടെയുള്ള അപകടകരമായ യാത്രയിൽ ഒരു കൂട്ടം ജേതാക്കളെ നയിക്കുന്ന സ്പാനിഷ് സൈനികനായ Lope de Aquirre ന്റെ കഥയാണ് ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. അഗ്വിറെയായി അഭിനയിച്ചിരിക്കുന്നത് പ്രശസ്ത നടൻ Klaus Kinski യാണ്.

ജർമ്മൻ-മെക്സിക്കൻ കോ-പ്രൊഡക്ഷൻ ബാനറിൽ നിർമ്മിച്ചിരിക്കുന്ന ഈ ചിത്രത്തിന്റെ സൗണ്ട്ട്രാക്ക് കൈകാര്യം ചെയ്തത് ജർമ്മൻ ഇലക്ട്രോണിക് സംഗീത ഗ്രൂപ്പായ Popol Vuh ആണ്. ശക്തമായ തിരക്കഥയും വിസ്മയകരമായ ഛായാഗ്രഹണവും ക്ലോസ് കിൻസ്കിയുടെ തീവ്രമായ അഭിനയപ്രകടനവും കൊണ്ട് ഈ ചിത്രം ന്യൂ ജർമ്മൻ സിനിമയുടെ മാസ്റ്റർപീസ് എന്നറിയപ്പെടുന്നു. ഹെർസോഗിന്റെ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നായും ലോകസിനിമയിലെ ഒരു ക്ലാസിക് ആയും ഈ ചിത്രം കണക്കാക്കപ്പെടുന്നു.

കഥയ്ക്കും സംഭാഷണത്തിനും ഒരു മിനിമലിസ്റ്റ് സമീപനം ഉപയോഗിക്കുകയും അതേസമയം സമൃദ്ധമായ ആമസോണിയൻ കാടിന്റെ എതിർക്കുന്ന ഭ്രാന്തിന്റെയും വിഡ്ഢിത്തത്തിന്റെയും ഒരു ദർശനം ഈ സിനിമ സൃഷ്ടിക്കുകയും ചെയ്യുന്നു. അഗ്യൂറെ എന്ന ചരിത്രപുരുഷനെ കുറിച്ച് അറിയാവുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള താണെങ്കിലും, സിനിമ പുറത്തിറങ്ങി വർഷങ്ങൾക്ക് ശേഷവും അതിന്റെ കഥാഗതി ഒരു ഫിക്ഷൻ സൃഷ്ടിയാണെന്ന് ഹെർസോഗ് പറയുന്നു. സിനിമയിൽ പ്രതിനിധീകരിക്കുന്ന ചരിത്രയാത്രയിൽ Gasper de Carvejal ഇല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ആമസോണിയൻ പര്യവേഷണത്തെക്കുറിച്ചുള്ള വിവരണത്തിൽ നിന്ന് ചില ആളുകളുടെയും സാഹചര്യങ്ങളുടെയും പ്രചോദനം ഉൾക്കൊണ്ടിരിക്കാം എന്നു തോന്നിപ്പിക്കുന്നു. ഹെർസോഗും കിൻസ്കിയും ആദ്യമായി ഒന്നിക്കുന്ന സിനിമയാണ് അഗ്വിറേ. ഈ വേഷം എങ്ങനെ ചെയ്യണമെന്ന



കാര്യത്തിൽ അവർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. കിൻസ്കിയുടെ രോഷം പലപ്പോഴും ചിത്രീകരണ സ്ഥലത്ത് സിനിമാ സഹായികളെയും നിർമ്മാണത്തെ സഹായിക്കുന്ന നാട്ടുകാരെയും ഭയപ്പെടുത്തി.

ഷൂട്ടിംഗ് ലൊക്കേഷൻ മുഴുവനും ബുദ്ധിമുട്ടുകൾ നിറഞ്ഞതായിരുന്നു. ആമസോൺ നദി യിലെ പെറുവിയൻ മഴക്കാടുകളിൽ, അഞ്ചാഴ്ചത്തെ കഠിനമായ കാലാവസ്ഥയിൽ, ഉകയാലി മേഖലയിലെ പോഷകനദികളിലായിരുന്നു ചിത്രീകരണം . അഭിനേതാക്കൾക്കും സംഘങ്ങൾക്കും പർവതങ്ങളിൽ കയറി, കനത്ത വള്ളികളിലൂടെ വിവിധ വനപ്രദേശങ്ങളിലേക്കും കരകൗശലത്തൊഴിലാളികൾ നിർമ്മിച്ച ചങ്ങാടങ്ങളിലും സഞ്ചരിക്കേണ്ടതായും വന്നു.

വ്യാപകമായ നിരൂപക പ്രശംസ നേടിക്കൊടുത്ത അഗ്വിറെ, ഒരു അന്തർദേശീയ ഇഷ്ടചിത്രം എന്ന നിലയിൽ അറിയപ്പെട്ടു. 1977-ൽ യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഈ ചിത്രം റിലീസ് ചെയ്തു. നിരൂപക പ്രശംസ പിടിച്ചുപറ്റിയ ഈ ചിത്രം ടൈം മാഗസിന്റെ എക്കാലത്തെയും മികച്ച 100 ചിത്രങ്ങളുടെ പട്ടികയിൽ ഇടം നേടുകയും ചെയ്തു.







ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



# അഗ്വിറേ : ക്രോധത്തിന്റെ ദൈവകണങ്ങൾ



ആശ നായർ




വെർനെർ ഹെർസോഗ് എന്ന ദാർശനിക ചലച്ചിത്രകാരന്റെ Aguirre, The Wrath of God എന്ന സിനിമയിലെ തത്വശാസ്ത്രത്തെ പല തരത്തിൽ വ്യാഖ്യാനിക്കാം. മനു ഷ്യജനിതക പ്രവണതകളായ അത്യാഗ്രഹം , അതിമോഹം, അധികാരത്തിനു വേണ്ടിയുള്ള സാഹസികത സാമ്രാജ്യത്വ സ്വപ്നങ്ങൾ , ഭ്രമാത്മകത തുടങ്ങിയ ഇരുണ്ട വശങ്ങൾ പ്രതിഫലിക്കുന്ന കഥാപാത്രമാണ് അഗ്വിറെ. കൊളോണിയലിസ്റ്റ് - സാമ്രാജ്യത്വ ചിന്താഗതിയെ സിനിമ അഗ്വിറേയി ലൂടെ ആവിഷ്ക്കരിക്കുകയും വ്യംഗ്യമായി വിമർശിക്കുകയും ചെയ്യുന്നു. പ്രകൃതി, സമ്പത്തിനും സ്വർണ്ണത്തിനും പ്രതാപത്തി നും വേണ്ടിയുള്ള അധിനിവേശക്കാരുടെ വീരസാഹസിക അന്വേഷണം ആത്യന്തികമായി പരാജയപ്പെടുമെന്നുകൂടി സൂചിപ്പിക്കുന്നു .



പ്രകൃതിയുടെ നിഗൂഢ വിസ്മയങ്ങൾക്ക് മുന്നിൽ മനുഷ്യന്റെ ഇടപെടലുകളുടെ പരിമിതികളെ ഉയർത്തിക്കാട്ടുവാൻ ആമസോണിയൻ കാടിന്റെ ക്രോധശക്തിയെ ദൈവകോപമെന്നോണം പ്രതീകമാക്കുന്നു . അഗ്വിറെയുടെ അഭിനിവേശവും ഭ്രാന്തൻ ചിന്തകളും പേടിസ്വപ്നം പോലുള്ള കാടിന്റെ അതിയാഥാർത്ഥ്യവും കഥാഗതിയിൽ ഇടകലരുന്നു . നിധിയുടെ ഉറവിടങ്ങളുള്ള എൽ ഡൊറാഡോയ്ക്കായുള്ള പര്യവേഷണം മനുഷ്യന്റെ അടങ്ങാത്ത അന്വേഷണത്തിന്റെ ഒരു രൂപകമാണ് .

നിഗൂഢമായ ദാർശനിക വിഷയങ്ങളും ആശയങ്ങളും വെർണർ ഹെർസോഗിന്റെ ചലച്ചിത്രനിർമ്മാണ ശൈലിയുടെ സവിശേഷതയാണ്. അത് പലപ്പോഴും മനുഷ്യന്റെ അവസ്ഥ, പ്രകൃതിശക്തി , അസ്തിത്വത്തിന്റെ സങ്കീർണ്ണതകൾ തുടങ്ങിയവയെ ആവിഷ്കരിക്കുന്നു . അഗ്വിറേയുടെ ആധിപത്യ അഭിലാഷവും അധികാരത്തിനായുള്ള ആഗ്രഹവും പരിധിക്കപ്പുറമാവുമ്പോൾ അത് അപകടങ്ങൾക്കും നാശോന്മുഖമായ അനന്തര ഫലങ്ങൾക്കും വഴിയൊരുമെന്നുള്ള മുന്നറിയിപ്പ് കൂടി നൽകുന്നു .



ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി



# ഫിറ്റ്സ്കരാൾഡോ: അധിനിവേശത്തിൽ തകരുന്ന ഭൂമി




പി.എസ്.ജ്യോതിഷ്കുമാർ

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, ആമസോൺ കാടുകളിലെ റബ്ബർ തോട്ട കൃഷിയുടെ പശ്ചാത്തലത്തിലാണ്, വെർണർ ഹെർസോഗ് 1982 -ൽ സംവിധാനം ചെയ്ത ഫിറ്റ്സ്കാരാൽഡോയുടെ കഥ നടക്കുന്നത്.

ഈ കാലഘട്ടം കൊളോണിയലിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും കുതിപ്പായിരുന്നു . യൂറോപ്യൻ ശക്തികളും സമ്പന്നരായ സംരംഭകരും അധിനിവേശം നടത്തിയ ഭൂപ്രദേശത്തിലെ പ്രകൃതിവിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യാൻ ശ്രമിക്കുന്നു. ബ്രയാൻ സ്വീനി ഫിറ്റ്സ്ജെറാൾഡിനെക്കുറിച്ചുള്ള സിനിമയാണ് ഫിറ്റ്സ്കാരാൽഡോ.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പെറുവിലെ ഇക്വിറ്റോസിൽ ഒരു ഓപ്പറ ഹൗസ് നിർമ്മിക്കാൻ ആഗ്രഹിക്കുന്ന ഒരു റബ്ബർ പ്ലാന്റർ ആണ് ഫിറ്റ്സ്കാരാൽഡോ. അതിനുള്ള പണമില്ലാത്തതിനാൽ, ആമസോൺ നദിയിലേക്ക് പ്രവേശനമുള്ള, ഒരു ഭൂമേഖല പാട്ടത്തിനെടുത്ത് അവിടെ റബ്ബർ വിളവെടു ക്കാനുള്ള പദ്ധതിയുമായി അദ്ദേഹം വരുന്നു. റബ്ബറിൽ






നിന്നുള്ള വരുമാനം താൻ നിർമ്മിക്കാൻ ആഗ്രഹിക്കുന്ന ഓപ്പറ ഹൗസിന്റെ ഫണ്ടിനായി ഉപയോഗിക്കാനാണ് അദ്ദേഹം പദ്ധതിയിടുന്നത്.

റബ്ബർ വിളവെടുക്കുന്നതിന് ആ ഭൂമിയിലെത്താൻ അയാൾക്ക് ഒരു വഴി ആവശ്യമാണ്. വളരെ ചെങ്കുത്തായ ഒരു കുന്നിന് മുകളിലൂടെ 320 ടൺ ഭാരമുള്ള ഒരു സ്റ്റീംഷിപ്പ് കടത്തുവാനുള്ള പദ്ധതിയുമായി അദ്ദേഹം വരുന്നു. കപ്പൽ ഉപയോഗിച്ച് മുകളിലെ ഉകയാലി നദിയിൽ നിന്ന് മല കടന്ന് അറ്റ്ലാന്റിക് സമുദ്രത്തിലേക്ക് റബ്ബർ കൊണ്ടുപോകാനും അദ്ദേഹം പദ്ധതിയിടുന്നു. ഇവിടെ നാം കാണുന്നത് അധിനിവേശത്തിന്റെ രൂപകമാണ്. തദ്ദേശീയർ അടിമകളാക്കപ്പെടുന്നു. ഭൂസമ്പത്ത് സ്വാർത്ഥ ലാഭങ്ങൾക്കായി കൊള്ളയടിക്കുന്ന അധികാര വ്യവസ്ഥ. ഒരു ഉൾനാടൻ നദിയിൽ നിന്ന് കപ്പലിനെ മല കടത്തി അറ്റ്ലാന്റിക്കിലേക്ക് വാണിജ്യ മാർഗ്ഗം തുറക്കുന്ന അതിസാഹസികമായ ചിത്രീകരണം.

ഫിറ്റ്സ്കാരാൽഡോയുടെ പദ്ധതി ഭാഗികമായി മുന്നോട്ടു പോകുന്നു. എന്നാൽ കപ്പലിന് കേടുപാടുകൾ സംഭവിക്കുന്നു. അദ്ദേഹം തന്റെ സ്വപ്നം ഉപേക്ഷിക്കാൻ നിർബന്ധിതനാവുന്നു

ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





. കപ്പൽ വിൽക്കുകയും ഒരു ഓപ്പറ കമ്പനി യുടെ ഇകിറ്റോസിലേക്കുള്ള സന്ദർശനത്തിന് പണം വിനിയോഗിക്കുകയും ചെയ്യുന്നു. കോളനിവൽക്കരണത്തിന്റെ പ്രമേയം സിനിമ യിൽ വ്യക്തമാണ്. കാരണം തദ്ദേശീയ ജനത യുടെയും പ്രകൃതി പരിസ്ഥിതിയുടെയും മേൽ തന്റെ ഇഷ്ടം അടിച്ചേൽപ്പിക്കുന്ന യൂറോപ്യൻ കോളനിക്കാരനെയാണ് ഫിറ്റ്സ്കാരാൽഡോ പ്രതിനിധീകരിക്കുന്നത്.

കാടിനുള്ളിൽ ഒരു ഓപ്പറ ഹൗസ് നിർമ്മി ക്കാനുള്ള അദ്ദേഹത്തിന്റെ അന്വേഷണം, അടിസ്ഥാനപരമായി വ്യത്യസ്തമായ ഒരു പ്രദേശത്ത് പാശ്ചാത്യ സംസ്കാരവും മൂല്യ ങ്ങളും അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തെ പ്രതീകപ്പെടുത്തുന്നു. കാടിനെ മെരുക്കാ നും അതിന്റെ വിഭവങ്ങൾ സ്വന്തം നേട്ടത്തി നായി ഉപയോഗിക്കാനും ഫിറ്റ്സ്കാരാൽഡോ ശ്രമിക്കുന്നതിനാൽ പ്രകൃതിയുടെ മേലുള്ള ആധിപത്യത്തിന്റെ പ്രമേയവും ഇവിടെയുണ്ട്. ഒരു പർവതത്തിന് മുകളിലൂടെ ആവിക്കപ്പൽ വലിച്ചിടാനുള്ള അസംബന്ധവും അമിത ആത്മവിശ്വാസത്തോടെയുമുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ഇതിന് ഉദാഹ രണമാണ് തദ്ദേശീയ സംസ്കാരം മാഷ്കോ ഇന്ത്യക്കാരുടെ സാന്നിധ്യത്താൽ പ്രതിനിധീകരി ക്കപ്പെടുന്നുണ്ട്. ഒരു ഘട്ടത്തിൽ അവർ ഫിറ്റ് സ്കാരാൽ ഡോയുടെ അതിസഹസിക പദ്ധതികളു മായി പൂർണ്ണമായി വിയോജി ക്കുന്നുമുണ്ട് .






പാശ്ചാത്യ കൊളോണിയലിസവും തദ്ദേശീയ സംസ്കാരങ്ങളും തമ്മിലുള്ള പിരിമുറു ക്കവും ആദ്യത്തേത് രണ്ടാമത്തേതിനെ മായ്ക്കാൻ ശ്രമിക്കുന്ന വഴികളും സിനിമ എടുത്തുകാണിക്കുന്നു.

കൊളോണിയലിസം, പ്രകൃതിയുടെ മേലുള്ള ആധിപത്യം, തദ്ദേശീയ സംസ്കാരങ്ങളുടെ തുടച്ചുനീക്കൽ എന്നിവയെല്ലാം പരസ്പര ബന്ധിതവും പ്രശ്നകരവുമാണ് എന്ന് നിർദേ ശിക്കുന്ന, ഹെർസോഗിന്റെ ചിത്രീകരണരീതി സങ്കീർണ്ണമാണ്. ആധിപത്യ മനുഷ്യചരിത്ര ത്തിന്റെ കിറുക്കൻ വശങ്ങളെ ഈ സിന 1മ ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം പ്രകൃതി ലോകത്തെയും തദ്ദേശീയ സംസ്കാരങ്ങളെയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള വ്യാഖ്യാനവുമാണ് ഈ ചിത്രം - ഫിറ്റ്സ്കാരാൽഡോ

ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി



# ഫിറ്റ്സ്കരാൾഡോ : ആധിപത്യ വിഭ്രമങ്ങൾ



ജസീന്ത മോറിസ്




പ്രശസ്ത ജർമൻ സംവിധായകനായ വെർണർ ഹെർസോഗ് സംവിധാനം ചെയ്ത ഫിറ്റ്സ്കരാൾഡോ എന്ന സിനിമ അഭിനിവേശങ്ങളുടേയും അവയ്ക്കുള്ള പ്രത്യാഘാതങ്ങളുടേയും അടിയൊഴുക്കുകളെ അനാവരണം ചെയ്യുന്നു . പ്രകൃതിയും ഒരു ഭൂമേഖലയിലെ സംസ്കൃതിയും തമ്മിലുള്ള സംഘർഷങ്ങളുടെ കഥ പറയുന്നു . പ്രകൃതിയുടെ പ്രപഞ്ച ശക്തിക്കു മുന്നിൽ മനുഷ്യന്റെ എത്ര വലിയ നേട്ടങ്ങൾക്കും കഴിവുകൾക്കും പരിമിതിയും പരിധിയുമുണ്ടെന്ന് വ്യക്തമാക്കുന്നു .

വികലവും പരിമിതവുമായ ആധിപത്യ സങ്കൽപ്പങ്ങൾ വച്ചുപുലർത്തുന്ന ഫിറ്റ്സ്കരാൾഡോ എന്ന കഥാപാത്രം എല്ലാ പ്രതിബന്ധങ്ങളേയും മറികടന്നു മുന്നോട്ടു കുതിക്കുകയാണ്. അനിയന്ത്രിതമായ അതിമോഹങ്ങൾ വരുത്തിവയ്ക്കുന്ന ദുരന്തങ്ങളെ ഈ സിനിമയിൽ നമുക്കു കാണാം. പ്രായോഗികമല്ലാത്ത, ബുദ്ധിശൂന്യമായ , സാഹസിക ചുവടുവയ്പുകളെ മനോഹരമായി അണിയൊച്ചൊരുക്കി ആഘോഷമാക്കിയിരിക്കുകയാണ് ഈ സിനിമ. പ്രകൃതി സമ്പത്തും അധികാരവും തേടിയുള്ള മനുഷ്യന്റെ അലച്ചിൽ തന്നെയാണ് ഫിറ്റ്സ്കരാൾഡോയുടെ അന്വേഷണവും.

സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിലൂടെയാണ് ഈ സിനിമ പുരോഗമിക്കുന്നത്. യാഥാർത്ഥ്യങ്ങളെ ബലികൊടുത്ത് സ്വപ്നങ്ങളെ പുഷ്പിച്ചു സ്വന്തമാക്കാൻ നടത്തുന്ന പോരാട്ടങ്ങളുടെ പ്രത്യാഘാതങ്ങൾ. ഫിറ്റ്സ്കരാൾഡോയുടെ സ്വഭാവം, ദുർഗ്രഹതകളും ദുരൂഹതകളും രഹസ്യങ്ങളും നിറഞ്ഞ മനു ഷ്യ മനസിന്റെതാണെന്നു ഈ സിനിമ വിവരിക്കുന്നു. തനി കിറുക്കൻ സ്വഭാവമുള്ള ഫിറ്റ്സ്കരാൾഡോ എന്ന കഥാപാത്രത്തെ അഭിനയിച്ച് അനശ്വരമാക്കിയത് ക്ളോസ് കിൻസ്കിയാണ്.

വനത്തിൽ ഒരു ഓപറാ ഹൗസ് സ്ഥാപിച്ചു വിജയിപ്പിക്കുക എന്ന ഗംഭീര സ്വപ്നമാണ് റബർ പ്ലാന്ററായ ഫിറ്റ്സ്കരാൾഡോയെ നയിച്ചിരുന്നത്. സ്വപ്ന സാക്ഷാത്കാരത്തിനായി എന്തു



സാഹസ വും ഏറ്റെടുക്കുന്ന ഭ്രാന്തമായ മനസാണ് അദ്ദേഹത്തിന്റേത് .സ്വപ്ന സാക്ഷാത്കാരത്തിനായി എത്ര വലിയ പ്രതിബന്ധങ്ങളേയും തിരിച്ചടികളേയും മറികടക്കാനുള്ള ആവേശവുമുണ്ട്.

ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



കിറുക്കനോ ഭ്രാന്തനോ എന്ന് ആരും സംശയി ച്ചു പോകുന്ന വിധത്തിൽ അസാധാരണമായ സ്വഭാവം. അതിന് മറ്റുള്ളവരെ വിശ്വസിപ്പിച്ചു വരുതിയിൽ കൊണ്ടുവരാനുള്ള അസാമാന്യ മായ ഊർജവും ആവേശവും സ്വാധീന ശക്തിയുമുണ്ട്. വെല്ലുവിളികളെക്കുറിച്ചും പ്രത്യാഘാതങ്ങളെക്കുറിച്ചും ഒരു വിവര വുമില്ലാത്ത പ്രവർത്തനം.

ലോക സനിമാ നിർമാണ ചരിത്രത്തിൽ ഏറ്റവും ക്ളേശകരമായി ചിത്രീകരണം പൂർത്തിയാക്കിയ സിനിമയാണിത്. കാടുകളുള്ള മലമുകളിലേക്ക് 320 ടൺ ഭാരമുള്ള ഒരു യഥാർത്ഥ കപ്പൽതന്നെ എത്തിച്ചാണു സിനിമ ചിത്രീകരിച്ചത്. ഇതിനാ യി മൂന്നു കപ്പലുകളാണു വാങ്ങിയത്. വിവിധ ലൊക്കേഷനുകളിലേക്ക് ഈ കപ്പലുകളെ എത്തിച്ചാണു ചിത്രീകരണം പൂർത്തിയാക്കി യത്. ഏറ്റവും പ്രക്ഷുബ്ധമായ സീനുകൾ ചിത്രീ കരി ക്കാൻ കപ്പലുകളുടെ മാതൃകയും ഉപ യോ ഗിച്ചു. ചിത്രീകരണത്തിനിടെ ഏതാ നും പേർ മരിക്കുകയും കുറേ പേർക്കു പരിക്കേൽക്കുക യും ചെയ്തിരുന്നു. രണ്ടു ചെറു വിമാനങ്ങൾ തകർന്നും ദുരന്തമുണ്ടായി. ചിത്രീകരണത്തി നിടെ മുഖ്യതാരമായ ജാസൺ റോബാർഡ്സിനു അസുഖം ബാധിച്ചു. ഇതോടെ ചിത്രീകരണം നിർത്തിവയ് ക്കേണ്ട അവസ്ഥയായി. ജാസൺ റോബാർഡ് സിനു പകരമായാണ് ക്ളോസ് കിൻസ്കി മുഖ്യനടനായത്.







ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



# നീലഗ്രഹത്തിലെ ജീവിതം തുടരണമെങ്കിൽ...




ജിജോ ജേക്കബ്



നമ്മുടെ ഗ്രഹത്തിലെ ജീവൻ( Life on our Earth )എന്ന ഡോക്യുമെൻററി സിനി മ നമുക്ക് തരുന്ന ദാർശനിക സന്ദേശം ജൈവവൈവിധ്യ ശോഷ ണവും കാലാവസ്ഥ വ്യതിയാനത്തിനെതിരെ നമുക്ക് എടുക്കാൻ പ റ്റുന്ന നടപടികളെ കുറിച്ചാണ്. സിനിമയുടെ അവതാരകനായ ഡേവിഡ് ആറ്റൻബറോ ഒരു പ്രകൃതി ചരിത്രകാരന്റെ അനുഭവത്തിൽ നിന്നുകൊണ്ട് നമ്മുടെ ഗ്രഹമായ ഭൂമിയുടെ സംരക്ഷണം ആണ് ചൂണ്ടിക്കാട്ടുന്നത്

ഈ സിനിമ പ്രകൃതി സംരക്ഷണത്തിന് മറ്റുള്ളവർക്ക് പ്രചോദനം നൽകും എന്നതിൽ യാതൊരു സംശയവുമില്ല. ഒരു സാക്ഷിമൊഴിയുടെ രീതിയിലാണ് ഈ സിനിമ നിർമ്മിച്ചിരിക്കുന്നത്. ജൈവവൈവിധ്യ ശോഷണം , കാലാവസ്ഥാ വ്യതിയാനം തുടങ്ങി ഭൂമിക്കെതിരെ മനുഷ്യർ ചെയ്യുന്ന, കഠിന ശിക്ഷ അർഹിക്കുന്ന കുറ്റങ്ങൾക്ക് സാക്ഷിയായി, തന്റെ സാക്ഷിമൊഴിയിലൂടെ ലോകത്തെ അറിയിക്കുകയാണ് നമ്മുടെ ഗ്രഹത്തിലെ ജീവൻ എന്ന ഡോക്യുമെൻററിയിലൂടെ ഡേവിഡ് ആറ്റൻബറോ.







മനുഷ്യൻ പ്രകൃതിക്കെതിരെ നടത്തുന്ന ക്രൂരതകളായ വനനശീകരണം , മലിനീകരണം, അമിതമായ മത്സ്യ സമ്പത്ത് കൊള്ളയടിക്കൽ തുടങ്ങിയവയിലൂടെ സംഭവിക്കുന്ന പ്രത്യാഘാതം ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്നു. ആറാം കൂട്ട വംശനാശത്തെയും സൂചിപ്പിക്കുന്നു. ആമസോൺ മഴക്കാടുകളുടെ ശോഷണവും ആർട്ടിക് ഹിമ പാളികളുടെ ഉരുകലും പവിഴപുറ്റുകളുടെ മരണവും ഒക്കെ മനുഷ്യന്റെ അധാർമ്മിക പ്രവർത്തിയെ സൂചിപ്പിക്കുന്നു. ഇതിനെതിരെ ഉള്ള പ്രധാന പോംവഴികൾ ഊർജ്ജ ഉപയോഗം കുറയ്ക്കുക, പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുക, വനവൽക്കരണം തുടങ്ങിയവയാണ്. നമ്മുടെ എല്ലാവരുടെയും സ്വന്തമായ ഭൂമിയെ നമുക്കൊന്നിച്ച് സംരക്ഷിക്കാൻ ശ്രമിക്കാൻ നമ്മൾ തയ്യാറാവണമെന്ന് ഈ സിനിമ നമ്മെ ബോധിപ്പിക്കുന്നു.

ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ആറാം വംശനാശത്തെ കുറിച്ച് ഡേവിഡ് ആറ്റൻബറോ



ഡോ..പി. അജികുമാർ



സർ ഡേവിഡ് ആറ്റൻബറോയുടെ പ്രശസ്തമായ ഡോക്യുമെന്ററി ഫിലിമാണ് വംശനാശ യാഥാർഥ്യങ്ങൾ . ആസന്നമായ കൂട്ടവംശനാശത്തെ കുറിച്ചും അത് ഭൂമുഖത്തുണ്ടാക്കുന്ന പരിണാമങ്ങളെയും ഈ സിനിമ വിശകലനം ചെയ്യുന്നു.

ഇനിയൊരു ആറാം വംശനാശം നേരിടേണ്ടി വരുമെന്ന ഭീതിയിലാണ് ഭൂമിയിലെ മനുഷ്യ വംശം. അത്തരമൊരു സാഹചര്യത്തിൽ , ജീവിവർഗ്ഗത്തിന്റെ അപ്രത്യക്ഷമാകൽ പ്രകൃതി ദുരന്തത്തെക്കാൾ നൂറുമുതൽ പതി നായിരം മടങ്ങുവരെ വലുതായിരിക്കും എന്ന് ഓർമ്മപ്പെടുത്തുന്നു. ആറാം വംശനാശം ഹോളോസിൻ വംശനാശം അഥവാ ആന്ത്രോ പോസീൻ വംശനാശം എന്ന് അറിയപ്പെടുന്നു. ഇതിന്റെ കാരണക്കാരൻ മനുഷ്യൻ തന്നെ യാണ് .

മനുഷ്യവർഗ്ഗത്തിന്റെ ഭ്രാന്തൻ ചെയ്തികളാൽ വലിയൊരു വിഭാഗം ജീവി വർഗ്ഗങ്ങൾ ഭൂമുഖ ത്തുനിന്നും തുടച്ചു നീക്കപ്പെടുമെന്നാണ് കണ ക്കാക്കുന്നത്. ഭൂഗോളം നേരിട്ട അഞ്ചു പ്രധാന വംശനാശങ്ങൾ താഴെപ്പറയുന്നവയാണ്. കോടി ക്കണക്കിനു വർഷങ്ങൾക്കു മുൻപ് സംഭവിച്ച ഈ വംശനാശങ്ങൾ അതാതു യുഗത്തിലെ ജീവജാലങ്ങളെ ഉന്മൂലനം ചെയ്തു.

### ഓർഡോവിഷ്യൻ സെലൂരിയൻ വംശനാശം

സമുദ്ര നിരപ്പ് നൂറുകണക്കിന് അടി ഉയർന്ന് ഭൂമിയിൽ അതി കഠിന ഹിമയുഗമുണ്ടായി 85 ശതമാനവും ജലജീവജാലങ്ങൾ നശിച്ചു.




### ലേറ്റ് ഡെവോണിയൻ വംശനാശം

ഡെവോണിയൻ യുഗത്തിലെ വംശനാശം ഇതി ൽപ്പെടുന്നു.



## പെർമിയൻ ട്രയാസ്സിക് വംശനാശം

ഗ്രേറ്റ് ഡയിങ് നടന്ന ഈ വംശനാശത്തിൽ കൽക്കരി തീപ്പിടിത്തവും ലാവാപ്രവാഹവും കാരണമായി.



## ട്രയാസ്സിക് ജുറാസിക് വംശനാശം

പൊടുന്നനെയുള്ള കാലാവസ്ഥ വ്യതിയാന വും ഛിന്ന ഗ്രഹങ്ങളുടെ പതനവും എഴുപത്തി യഞ്ച് ശതമാനത്തോളം ജീവജാലങ്ങളെ നാമാ വശേഷമാക്കി.



## ക്രിറ്റാസിയസ് പാലഗോൺ വംശനാശം

ഉരഗവർഗ്ഗത്തിലെ ജീവജാലങ്ങൾ പ്രത്യേകിച്ചും ദിനോസറുകൾ ഉൾപ്പെട്ട മൂന്നിൽ രണ്ടു ഭാഗ വും നശിച്ചു. ഇനി സംഭവിക്കാൻ പോകുന്ന ആറാം വംശനാശത്തിന് കാരണക്കാരൻ മനു ഷ്യൻ ആണ്. അവന്റെ അന്ധമായ പ്രവർ ത്തനങ്ങളാൽ ആവാസവ്യവസ്ഥയുടെ തകർച്ച, കാലാവസ്ഥ വ്യതിയാനം , മലിനീകരണം, ഭ്രാന്തായ പ്രകൃതി വിഭവ ചൂഷണം തുടങ്ങിയവ ഈ വംശനാശത്തിന് വേഗത കൂട്ടുന്നു.



പരാദങ്ങൾ, പക്ഷികൾ, സസ്തനികൾ, തുടങ്ങി വിവിധയിനം ജീവി വർഗ്ഗങ്ങളുടെ പതനവും നാശവും, ഈ ഡോക്യുമെൻ്ററി യിലൂടെ അനാവരണം ചെയ്യുന്നു. ഇത്തരത്തിലുള്ള ജീവിവർഗ്ഗങ്ങളുടെ നാശം നമ്മുടെ ആവാസ വ്യവസ്ഥയെ എങ്ങനെ തകർക്കുമെന്നും അത് കാലക്രമേണ ഭൂമണ്ഡലത്തിന്റെ നിലനി ൽപ്പിനു തന്നെ എങ്ങനെ ഭീഷണിയാകുമെന്നും ഉൾകാഴ്ച നൽകുന്നു. കൂടാതെ ജൈവ വൈവിധ്യ ഹോട്ട് സ്പോട്ടുകൾ ചൂണ്ടിക്കാ ണിക്കുകയും കാത്തുരക്ഷിക്കേണ്ട , നാശോ ന്മുഖമായിക്കൊണ്ടിരിക്കുന്ന വർഗ്ഗങ്ങളെ സം രക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും എടുത്തു കാണിക്കുന്നു.

ആറ്റൻബറോയുടെ ഈ ഡോക്യുമെൻ്ററി ജൈവസംരക്ഷണവും അതിന്റെ ബുദ്ധിമുട്ടു കളും വിജയഗാഥകളും അനാവരണം ചെയ്യുന്നു. കാലം അതിക്രമിച്ചിട്ടില്ല എന്ന സന്ദേശം ഇത് ഉയർത്തിപ്പിടിക്കുന്നു . ഒപ്പം



കൂട്ടായ പരിശ്രമത്തിലൂടെ ഈ വംശനാശമെന്ന പ്രതിസന്ധിയെ തരണം ചെയ്യുന്നതിനും ലോകത്തെ സംരക്ഷിക്കുന്നതിനുള്ള ആഹ്വാനവും നൽകുന്നു.

വംശനാശ ഭീകരതയെ കുറിച്ച് കാഴ്ചക്കാരെ ബോധവാന്മാരാക്കുന്നതിനും അതിന്റെ ദുരന്തഫലങ്ങൾ കുറക്കുന്നതിനുമുള്ള നടപടികൾ കൈകൊള്ളുന്നതിനു ജനതയെ പ്രാപ്തരാക്കുന്നതിനും ഈ ഡോക്യുമെന്ററി ലക്ഷ്യമിടുന്നു. വ്യക്തിതലത്തിലും സർക്കാർ തലത്തിലും സംഘടനാ തലത്തിലും കൂട്ടായ പ്രവർത്തങ്ങളിലൂടെ ഒരു സംഘശക്തിയായി ജൈവവൈവിധ്യത്തെയും സുസ്ഥിര ഭാവിയെയും മുന്നിൽ കണ്ട് ഈ ഭൂമാതാവിനെ സംരക്ഷിക്കുക എന്ന വലിയ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതാണ് ഈ ചിത്രം . അതിലൂടെ ഈ കാലഘട്ടം ആവശ്യപ്പെടുന്ന വലിയൊരു ദൗത്യം സർ ഡേവിഡ് ആറ്റൻബറോ നിറവേറ്റുന്നു.








ഫിലിം വിഷൻ
filca
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



# ആന്ദ്രേ താർകോവ്സ്കി
# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar


UPI ID: vinku72@oksbi

Scan to pay with any UPI app

ഫിലിം വിഷൻ
Blue Planet Int'l Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി

FILM VISION MONTHLY MARCH 2024 RS. 2/ RNI-KER BIL/2002/8043

| Membership | | | Payment to: | |
|---|---|---|---|---|
| Annual | : | 500/ | Name : FILCA | Reg No. T-1665/1999 |
| Students | : | 150/ | A/C 5700 118 1947 | www.filca.in |
| Life (10 Years) | : | 3000/ | State Bank of India | E-mail: filcakerala@gmail.com |
| | | | Branch : Poojappura | Ph. 80890 36090 |
| | | | IFSC SBIN 0070032 | |




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com
PeerBey.com Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Design | - | Shaji CAD |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224. Trivandrum -10. Kerala. |